PRICE ₹ 50/-

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

# ആറിവോരം

VOL 6 I ISSUE 1 I BIMONTHLY I FEBRUARY 2026 I 48 PAGES





**04** മാനവികതയുടെ വിളംബരമായി മാറിയ സംസ്ഥാന സ്കൂൾ കലോത്സവം

**06** നവകേരളം സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം

**08** മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിബി – ജി റാം ജി ആകുമ്പോൾ

**10** ജനാധിപത്യ പുതുകേരളം

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

# അറിവോരം

വാല്യം 6 ലക്കം 1 ഫെബ്രുവരി 2026

പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**എ.എൻ.ഷംസീർ**
നിയമസഭാ സ്പീക്കർ

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ.എൻ. കൃഷ്ണ കുമാർ**
സെക്രട്ടറി

അംഗങ്ങൾ

**റ്റി. മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

**എം.കെ. റിജു**
സ്പീക്കറുടെ അഡീഷണൽ
പ്രൈവറ്റ് സെക്രട്ടറി

**ഷാജി സി. ബേബി**
സ്പെഷ്യൽ സെക്രട്ടറി

**പി. ഹരി**
അഡീഷണൽ സെക്രട്ടറി

**രജനി വി.ആർ.**
അഡീഷണൽ സെക്രട്ടറി

**വി.ജി. റിജു**
ജോയിന്റ് സെക്രട്ടറി

**ജ്യോതി എൽ.**
ജോയിന്റ് സെക്രട്ടറി

**റീന വി. ആർ.**
ജോയിന്റ് സെക്രട്ടറി

പ്രത്യേക ക്ഷണിതാക്കൾ

**ഇ. കെ. മുഷ്താഖ്**
സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

**പ്രീജിത്ത് രാജ്**
സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി

പ്രസിദ്ധീകരണ വിഭാഗം
**വിവര വിഭവ വികസന 'ബി' വിഭാഗം**

രൂപകൽപ്പന
**ബിജി ജോൺ**

അച്ചടി
**നിയമസഭാ പ്രിന്റിംഗ് പ്രസ്സ്**

**കേരള നിയമസഭാ പ്രസിദ്ധീകരണം**
ഇ-മെയിൽ: kladrd@gmail.com
ഫോൺ : 0471-2512493, 2353

## മൊഴിമുഴക്കം

"ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം,
നിങ്ങളെ ഉറങ്ങാൻ അനുവദിക്കാത്ത
ഒന്നാണ് അത് "

**- ഡോ. എ.പി.ജെ. അബ്ദുൾകലാം**



ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കുമുള്ള പൂർണ്ണ ഉത്തരവാദിത്വം ലേഖകരിൽ നിക്ഷിപ്തമാണ്.

കവർ ചിത്രം: KLIBF നാലാം എഡിഷന് വേണ്ടി ഒരുക്കിയ നിയമസഭാ കവാടം ദീപാലങ്കാരപ്രഭയിൽ

# ഉൾത്താളുകളിലൂടെ ......


മാനവികതയുടെ വിളംബരമായി മാറിയ സംസ്ഥാന സ്കൂൾ കലോത്സവം 04
എ.എൻ. ഷംസീർ

നവകേരളം സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം 06
പിണറായി വിജയൻ

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിബി-ജി റാം ജി ആകുമ്പോൾ 08
വി.ഡി. സതീശൻ

ജനാധിപത്യ പുതുകേരളം 10
ചിറ്റയം ഗോപകുമാർ

സ്പീക്കറുടെ പൊതുപരിപാടികൾ 14

സാമാജികരുടെ നിയോജക മണ്ഡലങ്ങളിലൂടെ 16

സഭാ സമ്മേളന വാർത്ത 18

പാർലമെന്റ് സമ്മേളന വാർത്ത 18

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ 19

നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം 21

ഇതര നിയമസഭാ സമിതികളുടെ കേരള നിയമസഭാ സന്ദർശനം 30

വേർപാട് 33

നിയമസഭാ പ്രസംഗങ്ങളിലൂടെ 36

സഭാ നായകരുടെ ജീവിത രേഖയിലൂടെ 38

സഭാതലത്തിലെ മായാത്ത വ്യക്തിത്വങ്ങൾ 39

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ 40
റ്റി. മനോഹരൻ നായർ

വിജ്ഞാനപഥം 43

പൗരത്വം, വോട്ടവകാശം, വോട്ടർപട്ടിക പരിഷ്കരണം 44
ശ്യാം കെ. എസ്.

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ 46




**എ.എൻ. ഷംസീർ**
സ്പീക്കർ

# മാനവികതയുടെ വിളംബരമായി മാറിയ സംസ്ഥാന സ്കൂൾ കലോത്സവം

നമ്മുടെ കുട്ടികൾ എത്രമാത്രം മനുഷ്യത്വവും മാനവിക ബോധവുമുള്ളവരാണ്. വരും തലമുറ ഈ നാടിന് വഴികാട്ടികളാകുമെന്ന വിളംബരമാണ് പടന്ന എംആർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും നാം കേട്ടത്. സിയ ഫാത്തിമ പഠിക്കുന്ന വിദ്യാലയമാണ് അത്. തൃശ്ശൂരിൽ സംഘടിപ്പിച്ച 64 ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ വീട്ടിലിരുന്ന് ഓൺലൈനായി മത്സരത്തിൽ പങ്കെടുത്ത് ചരിത്രം കുറിച്ച മിടുക്കിയാണ് സിയ ഫാത്തിമ. ഞരമ്പുകൾ ചുരുങ്ങുന്ന വാസ്കുലൈറ്റിസ് എന്ന ഗുരുതര രോഗത്തെ തുടർന്ന് വീട്ടിൽ സമ്പർക്ക വിലക്കിൽ കഴിയുന്ന സിയയുടെ ആഗ്രഹങ്ങൾക്കൊപ്പം സഞ്ചരിച്ച പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിക്കും സർക്കാർ സംവിധാനങ്ങൾക്കും നന്ദി പ്രകടിപ്പിച്ചുകൊണ്ട്, പടന്ന എംആർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ മുഴുവൻ കുട്ടികളും അണിനിരന്ന് ഒരുക്കിയ അക്ഷരമതിലാണ് മാനവികതയുടെ പുതുസന്ദേശവുമായി നാടിന്റെ ഉള്ളം നിറയ്ക്കുന്നത്. അറബി പോസ്റ്റർ രചനാ മത്സരത്തിൽ കാസർഗോഡ് ജില്ലയിൽ ഒന്നാമതെത്തിയ സിയ, മത്സരിക്കാനുള്ള തന്റെ ആഗ്രഹം പൊതുവിദ്യാഭ്യാസ മന്ത്രിക്ക് കത്തിലൂടെ എഴുതി അറിയിച്ചപ്പോഴാണ് ചരിത്രം തിരുത്തിക്കുറിച്ച സർക്കാർ തീരുമാനം ഉണ്ടായത്.

സ്വന്തമായി വീടില്ലാത്ത കൊച്ചുനർത്തകന് വീടുവച്ചു നൽകാനുള്ള തീരുമാനത്തിനും കലോത്സവ നഗരി സാക്ഷ്യം വഹിച്ചു. നൃത്ത ഇനങ്ങളിൽ തുടർച്ചയായി നാലുവർഷം എ ഗ്രേഡ് കരസ്ഥമാക്കിയ കാസർഗോഡ് കമ്പല്ലൂർ ജി.എച്ച്.എസ്.എസിലെ പ്ലസ് വൺ വിദ്യാർഥി സച്ചു സതീഷിനാണ് പൊതുവിദ്യാഭ്യാസ വകുപ്പ് വീട് നിർമ്മിച്ചു നൽകാൻ തീരുമാനിച്ചത്. വീടില്ലാത്ത സച്ചുവും അമ്മ ബിന്ദുവും ബന്ധുവീട്ടിലാണ് താമസം.

സിയയും സച്ചുവും സന്തോഷിക്കുമ്പോൾ, അവരുടെ കൂട്ടുകാരും നാട്ടുകാരും രക്ഷിതാക്കളും മാത്രമല്ല, മനുഷ്യത്വമുള്ള ഹൃദയങ്ങളെല്ലാം ആനന്ദഭരിതമാവുന്നു. കല മനുഷ്യത്വത്തിന്റേതാണ് എന്ന് കേരളം വിളിച്ചുപറയുന്നു. ഇത്തരം ചേർത്തുനിർത്തലുകളിലൂടെ ഇക്കുറി സംസ്ഥാന സ്കൂൾ കലോത്സവം രാജ്യത്തിന് മാതൃകയാവുന്നു. എല്ലാവരെയും ചേർത്തുനിർത്തുക എന്ന സംസ്ഥാന സർക്കാർ നിലപാട് ഉയർത്തിപ്പിടിക്കുന്നതായിരുന്നു കേരള സ്കൂൾ കലോത്സവം. ഒരു പരാതിയുമില്ലാതെയായിരുന്നു മത്സരങ്ങൾ പൂർത്തിയാക്കിയത്. സംഘാടനം കൊണ്ടും പങ്കാളിത്തം കൊണ്ടും ഏഷ്യയിലെ ഏറ്റവും വലിയ സാംസ്കാരികോത്സവം എന്ന് വിലയിരുത്താവുന്ന തലപ്പൊക്കം കേരളത്തിന്റെ സ്കൂൾ കലോത്സവത്തിന് സ്വന്തമായി. ഉത്തരവാദിത്വ കലോത്സവം എന്ന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മുദ്രാവാക്യം ഇവിടെ അന്വർഥമാവുകയായിരുന്നു.

പരാതിക്ക് പഴുതില്ലാത്ത വിധത്തിൽ മത്സരങ്ങൾ പൂർത്തിയാക്കിയതിൽ പ്രോഗ്രാം കമ്മിറ്റി കാണിച്ച ജാഗ്രത അഭിനന്ദനം അർഹിക്കുന്നു. 750 ൽപരം അധ്യാപകരെ രണ്ടു ഷിഫ്റ്റുകളായി തിരിച്ചായിരുന്നു വേദികളുടെ ചുമതല നൽകിയത്. 1200 ലേറെ പൊലീസുകാരും എസ്.പി.സി., എൻ.എസ്.എസ്. തുടങ്ങിയ സംവിധാനങ്ങളും ചേർന്ന് കലോത്സവത്തിന്റെ സുരക്ഷ ഉറപ്പാക്കി. അധ്യാപകരും ഉദ്യോഗസ്ഥരും വളന്റിയർമാരും ഉൾപ്പെടെ 15000 ലേറെ പേർ അഞ്ച് രാപ്പകലുകൾ ഓടിനടന്നു പ്രയത്നിച്ചു. തൃശ്ശൂരിന്റെ പൗരാവലി ഒന്നടങ്കം കലോത്സവത്തിന്റെ നടത്തിപ്പ് കുറ്റമറ്റതാക്കാൻ കൈകോർത്തു. സമാപന സമ്മേളനത്തിൽ ഞാൻ പങ്കാളിയായിരുന്നു. അപ്പോൾ വിദ്യാർഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും അധ്യാപകരിൽ നിന്നും നാട്ടുകാരിൽ നിന്നുമൊക്കെ ഉണ്ടായ പ്രതികരണങ്ങൾ, സമാനതകളില്ലാത്ത സംഘാടന മികവിനുള്ള അഭിനന്ദനങ്ങളായിരുന്നു. ചിരിക്കുന്ന മുഖങ്ങളായിരുന്നു ചുറ്റിലും. അതാണല്ലോ വേണ്ടതും.

കലോത്സവങ്ങളുടെ ലക്ഷ്യം കേവലം കലാമത്സരങ്ങളുടെ അവതരണം മാത്രമല്ലെന്ന സന്ദേശവും തൃശ്ശൂരിൽ നിന്നും മുഴങ്ങി. കുട്ടികൾ അത് ഏറ്റെടുത്തു. മുതിർന്നവരും കൂടെ നിന്നു. പരിസ്ഥിതി ശുചിത്വബോധം വളർത്തുന്നതിനുള്ള ഇടപെടലുകൾ ഉദാഹരണമാണ്. പരസ്പരമുള്ള കരുതലും പങ്കുവയ്ക്കലും മത്സരാർഥികളുടെ സാഹോദര്യ മനോഭാവത്തെ ഉയർത്തിക്കാട്ടുന്നതായിരുന്നു. മന്ത്രിമാരായ വി. ശിവൻകുട്ടിയും കെ. രാജനും പൂർണ്ണ സമയം കലോത്സവ നഗരിയിൽ ഉണ്ടായിരുന്നു. ഒരിടത്തും ഒരു കുറവും വരുത്താതെ അവർ കാര്യങ്ങൾ നിയന്ത്രിച്ചു. ദിവസവും രാത്രി മന്ത്രിമാർ പങ്കെടുത്ത പ്രത്യേക യോഗങ്ങൾ ചേരുകയും പരാതികൾ അതതുസമയം പരിഹരിക്കുകയും ചെയ്തു. തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന്റെ ഭാഗമായി ഒരുമാസത്തോളം സമയം നഷ്ടപ്പെട്ടിട്ടും ഒരു വീഴ്ചയുമില്ലാതെ, നഗരിയിലെത്തിയ മുഴുവൻ മനുഷ്യരെയും പരിഗണിക്കാൻ സംഘാടക സമിതിക്കായി.

സംഘാടനം പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്തതിനാൽ പരാതികൾ കുറഞ്ഞു. എല്ലാ വേദികളെയും സംഘാടക സമിതിയെയും 19 സബ് കമ്മിറ്റികളെയും ഫലപ്രദമായി ഏകോപിപ്പിച്ച കൺട്രോൾ റൂം സംവിധാനം ഭാവനാത്മകമായിരുന്നു. പതിനാല് ജില്ലകൾക്ക് അനുവദിച്ച താമസ സൗകര്യം, താമസം ഏർപ്പെടുത്തിയ സ്കൂളിലെ പ്രധാന അധ്യാപകൻ/ അധ്യാപിക എന്നിവരുടെ ഫോൺ നമ്പർ, മറ്റ് ചുമതലക്കാരുടെ വിശദാംശങ്ങൾ എന്നിവയെല്ലാം ക്യൂആർ കോഡ് സ്കാൻ ചെയ്ത് മനസ്സിലാക്കാൻ കഴിയുമായിരുന്നു. മത്സരങ്ങളുടെ നിലവാരംകൊണ്ടും കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്ന വിശേഷണത്തെ അന്വർഥമാക്കുന്ന പ്രേക്ഷക സാന്നിധ്യത്താലും കലോത്സവം തിളക്കമുറ്റതായി. തേക്കിൻകാട്ടിലെ പ്രധാന വേദിയുൾപ്പെടെ 25 വേദികളിലും നിറഞ്ഞുകവിഞ്ഞ പ്രേക്ഷകർ കണക്കുകൂട്ടലുകളെയാകെ മറികടന്നു. കലയുടെ മാമാങ്കത്തിന് തിരശ്ശീല വീഴുമ്പോൾ സുവർണ്ണകിരീടമേന്തിയത് കണ്ണൂർ ജില്ലയായിരുന്നു. എന്നാൽ, എല്ലാമുഖങ്ങളിലും വിജയത്തിന്റെ പുഞ്ചിരി തിളങ്ങിനിൽക്കുന്നത് കാണാൻ സാധിച്ചു.

64-ാമത് കേരള സ്കൂൾ
കലോത്സവം
2026 ജനുവരി 14 - 18 • തൃശ്ശൂർ

ഒരു ദിവസം മാത്രം നീണ്ടുനിന്ന 1957 ലെ സ്കൂൾ കലോത്സവത്തിൽ നിന്നും ഇന്നിലേക്ക് എത്തുമ്പോൾ, ഇരുനൂറ് മത്സരാർഥികളിൽ നിന്നും പതിനായിരത്തിലേറെ കലാസാഹിത്യ മത്സരാർഥികൾ മാറ്റുരയ്ക്കുന്ന വിപുലത കേരളത്തിന്റെ സ്കൂൾ കലോത്സവത്തിന് വന്നു എന്നത് കേരളത്തിന്റെ സാംസ്കാരിക വളർച്ചയുടെ അളവുകോൽ തന്നെയാണ്. സ്കൂൾ കലോത്സവ വേദി തുറന്നിടുന്ന അനന്തമായ സാധ്യതകളുടെ വിതാനങ്ങൾ ഉപയോഗപ്പെടുത്താൻ വരുംതലമുറയ്ക്ക് സാധിക്കട്ടെ. ലോകം കൂടുതൽ സർഗാത്മകമാവട്ടെ.



# നവകേരളം സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം

**പിണറായി വിജയൻ**
മുഖ്യമന്ത്രി

ജനങ്ങളുമായി സംവദിച്ചുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ നാടിന്റെ പുരോഗതി ഉറപ്പാക്കുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്. ഇനിയുള്ള നാളുകളിലും കൂടുതൽ ക്രിയാത്മകമായി അതുറപ്പുവരുത്താൻ സഹായകമായ ഒരു പഠന പദ്ധതിക്ക് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്. നവകേരളം സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം എന്ന പേരിൽ നടപ്പാക്കുന്ന ഈ നവകേരള വികസനക്ഷേമ പഠന പരിപാടി കേരളത്തിന്റെ പുരോഗതിക്കും വികസനത്തിനും പുതിയ കരുത്തും ദിശാബോധവും സമ്മാനിക്കുമെന്നുറപ്പാണ്. സംസ്ഥാനത്താകെ സന്നദ്ധ സേനാംഗങ്ങൾ ജനങ്ങളിലേക്കെത്തിയാണ് ഈ പഠനം നടത്തുക. ജനങ്ങൾക്ക് പറയാനുള്ളതെല്ലാം സൂക്ഷ്മാംശത്തിൽ കേൾക്കുകയും അഭിപ്രായങ്ങളും നിർദേശങ്ങളും ശേഖരിക്കുകയും ചെയ്യും. അതിന്റെ തുടർച്ചയായി സമഗ്രമായ പഠന റിപ്പോർട്ട് തയ്യാറാക്കും. അത് ക്രോഡീകരിച്ചും അപഗ്രഥിച്ചും വരുംകാലത്തേക്കുള്ള നാടിന്റെ പുരോഗതി എങ്ങനെയാകണം എന്ന രൂപരേഖ ഉണ്ടാക്കും. അതിലൂടെ നവകേരളത്തിലേക്കുള്ള പാതയിൽ കൂടുതൽ വെളിച്ചവും പ്രതീക്ഷയും പകരാൻ സാധിക്കുമെന്ന് സർക്കാർ കരുതുന്നു.

രാജ്യത്തെ പൊതുനയങ്ങളിൽ നിന്നും ഭിന്നമായി സ്വീകരിച്ച ജനപക്ഷ ഭരണനയങ്ങളാണ്, ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഉയർന്ന ജീവിത നിലവാരമുള്ള നാടാക്കി കേരളത്തെ മാറ്റിയത്. ഈ വികസനരീതി 'കേരള മോഡൽ' എന്ന പേരിൽ ലോകശ്രദ്ധ നേടി. മാനവ വിക

സന സൂചികയിൽ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളേക്കാൾ ഏറെ മുന്നിൽ നിൽക്കുന്ന സംസ്ഥാന മാണ് നമ്മുടേത്. ഭൂപരിഷ്കര ണവും പൊതുവിദ്യാഭ്യാസ ശാക്തീകരണവും ജനകീയാസൂത്ര ണവും സാക്ഷരതാ യജ്ഞവും തുടങ്ങി ലോകചരിത്രത്തിൽ തന്നെ അടയാളപ്പെടുത്തപ്പെട്ട നിരവധി ജനാധിപത്യ ജനക്ഷേമ ഇടപെടലുകളുടെ ഫലമായാണ് ഇന്നത്തെ കേരളസമൂഹം വാർത്തെടുക്കപ്പെട്ടത്. ആ അടിത്തറയിൽ ഊന്നിനിന്നാണ് ജനക്ഷേമ പദ്ധതികളെ കൂടുതൽ ഊർജ്ജസ്വലമാക്കിയും കേരളം ഇതുവരെ കാണാത്ത വികസന നേട്ടങ്ങൾ സ്വന്തമാക്കിയും കഴിഞ്ഞ ഒരു ദശാബ്ദമായി നാം പുതിയ ഉയരങ്ങളിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നത്. ഇത് സാർവ്വത്രികമായി അംഗീ കരിക്കപ്പെട്ട കാര്യമാണ്.

ഈ നേട്ടങ്ങൾക്കൊപ്പം ജനാധിപത്യത്തെ അർഥവത്താ ക്കുന്ന, ശാക്തീകരിക്കുന്ന പ്രവർ ത്തനങ്ങളും ഏറ്റെടുക്കാൻ നമുക്ക് സാധിച്ചു. തിരഞ്ഞെടുപ്പ് പ്രകടന പത്രികയിലെ ഓരോ വാഗ്ദാനവും പൂർത്തീകരിക്കുക മാത്രമല്ല, ഓരോ വർഷവും പ്രോഗ്രസ് റിപ്പോർട്ടിലൂടെ അവയുടെ പുരോ ഗതി ജനങ്ങളെ അറിയിക്കുന്ന സമ്പ്രദായവും ആരംഭിച്ചു. നവ കേരള കർമ്മപദ്ധതി നടപ്പിലാക്കു ന്നതിന്റെ ഭാഗമായി ജനങ്ങളുമായി സംവദിക്കുന്നതിനും അഭിപ്രായ ങ്ങൾ രൂപീകരിക്കുന്നതിനുമായി മന്ത്രിസഭ ഒന്നടങ്കം പങ്കെടുത്തു കൊണ്ട് 140 നിയമസഭാ മണ്ഡല ങ്ങളിലും നവകേരള സദസ്സ് സംഘടിപ്പിച്ചു. ഭരണനിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി മേഖലാ അവലോകന യോഗങ്ങൾ നടത്തി. തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ വികസന സദസ്സുകൾ ആരംഭിച്ചു.

ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപീകൃത മായിട്ട് 2031 ൽ 75 വർഷം പൂർത്തിയാവുകയാണ്. ഈ പശ്ചാത്തലത്തിൽ ഭാവിക്ക് വേണ്ടിയുള്ള വികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യു ന്നതിന് 33 വിഷയങ്ങളിൽ സംസ്ഥാനത്തുടനീളം സെമിനാറു കൾ നടത്തി. കേരളത്തെ പുരോഗ മനപരവും വികസിതവുമായ സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് 'വിഷൻ 2031' എന്ന പേരിൽ ഈ പരിപാടി സംഘടിപ്പിച്ചത്. ജനങ്ങളിൽ നിന്ന് ആശയങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ച് അവരുടെ പരാതി കൾക്ക് പരിഹാരം കാണുന്നതിന് 'സി എം വിത്ത് മി' എന്ന പേരിൽ സിറ്റിസൺ കണക്ട് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കേരളം ഇതിനോടകം കൈ വരിച്ച നേട്ടങ്ങളിൽ നിന്നും ഒരു പടികൂടി കടന്ന് വികസിത രാജ്യ ങ്ങളിലെ ജീവിതനിലവാരമുള്ള നാടായി കേരളത്തെ ഉയർത്തുവാ നാണ് ലക്ഷ്യമിടുന്നത്. ഇക്കാര്യ ത്തിൽ ഏറെ മുന്നോട്ടുപോകാൻ ഇതിനകം സംസ്ഥാനത്ത് നടപ്പി ലാക്കിയ ഭരണനടപടികളിലൂടെ സാധിച്ചിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം രാജ്യത്ത് ആദ്യമായി കൈവരി ക്കുന്ന സംസ്ഥാനമായി 2025 നവം ബർ ഒന്നോടു കൂടി കേരളം മാറി. അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വമ്പിച്ച മുന്നേറ്റങ്ങൾ, സാമൂഹ്യക്ഷേമ രംഗത്തെ ഇടപെ ടലുകൾ, ആരോഗ്യ - വിദ്യാഭ്യാസ മേഖലകളെ കാലാനുസൃതമായി നവീകരിക്കൽ, വിജ്ഞാന സമ്പദ് ഘടന കെട്ടിപ്പടുക്കൽ, കാർഷിക - വ്യവസായ മേഖലകളെ നവീകരി ക്കൽ തുടങ്ങി കേരളത്തിന്റെ മുഖച്ഛായ മാറ്റത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ എൽ.ഡി.എഫ്. സർക്കാർ ഏറ്റെടുക്കുന്നുണ്ട്. അതിന്റെ തുടർച്ചയാണ് നവകേരളം സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം.

2026 ജനുവരി 1 മുതൽ 2026 ഫെബ്രുവരി 28 വരെ സാമൂഹിക സന്നദ്ധസേന അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി യാണ് നവകേരളം സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം നടപ്പി ലാക്കുന്നത്. പദ്ധതിയുടെ നടത്തി പ്പിന് നാലംഗ സംസ്ഥാനതല ഉപ ദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനതലത്തിലും അസംബ്ലി തലത്തിലും ജില്ലാതല ത്തിലും ഉചിതമായ ഉദ്യോഗസ്ഥ രെയും വിദഗ്ധരെയും ഉൾപ്പെടു ത്തിക്കൊണ്ട് സമിതികൾ രൂപീകരി ക്കുകയാണ്.

വിജ്ഞാന സമ്പദ്ഘടന യുടെ വ്യാപനം, ശാസ്ത്രസാങ്കേ തിക വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ശാസ്ത്രസാങ്കേതിക വിദ്യയിലെ നേട്ടങ്ങൾ കൃത്യമായി പ്രയോജനപ്പെടുത്തി കാർഷിക- വ്യാവസായിക വളർച്ചയ്ക്കുള്ള നിർദേശങ്ങൾ, ഉന്നതവിദ്യാഭ്യാസ വിപുലീകരണം സംബന്ധിച്ച കാര്യങ്ങൾ, അടിസ്ഥാനസൗകര്യ ങ്ങൾ അന്താരാഷ്ട്ര നിലവാരത്തി ലേക്ക് ഉയർത്തുന്നതും അത് സംര ക്ഷിക്കാനുമുള്ള നിർദേശങ്ങൾ, കലാ-കായിക മേഖലയുടെ വളർച്ചയ്ക്കാവശ്യമായ നിർദേശ ങ്ങൾ, യാത്രാക്ലേശം, പൊതു ശൗചാലയങ്ങൾ, ബസ് കാത്തി രിപ്പ് കേന്ദ്രങ്ങൾ, ഓട്ടോ/ടാക്സി സ്റ്റാൻഡുകൾ, വയോജന സംര ക്ഷണ സംവിധാനങ്ങൾ, ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾ, മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ, കുടുംബശ്രീ പ്രവർത്തനം, തൊഴി ലുറപ്പ് മേഖലയിലെ പ്രശ്നങ്ങൾ തുടങ്ങി സാമൂഹ്യ ജീവിതത്തിലെ വ്യത്യസ്ത വിഷയങ്ങൾ പഠിച്ച് സമഗ്രമായ റിപ്പോർട്ടുകളായി രിക്കും തയ്യാറാക്കുക.

2026 മാർച്ച് മാസം 31 ാം തീയതിയോടെ പഠന റിപ്പോർട്ട് പൂർത്തിയാക്കി സമർപ്പിക്കാൻ സാധിക്കുംവിധമാണ് ഈ പരി പാടി ആസൂത്രണം ചെയ്തിട്ടു ള്ളത്. ജനകീയ പങ്കാളിത്ത ത്തോടെ നവകേരളം പടുത്തു യർത്താനുള്ള സംസ്ഥാന സർക്കാരിന്റെ പരിശ്രമത്തിന് കൂടുതൽ ആക്കവും ദിശാബോ ധവും സമ്മാനിക്കാൻ ഈ പഠന പരിപാടിക്ക് സാധിക്കും.



**വി.ഡി. സതീശൻ**
പ്രതിപക്ഷനേതാവ്

# മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിബി–ജി റാം ജി ആകുമ്പോൾ

ഭാരതത്തിന് കോൺഗ്രസ് പ്രദാനം ചെയ്ത ഏറ്റവും വലിയ സംഭാവനകളിലൊന്നാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. (എം.ജി.എൻ.ആർ.ഇ.ജി.എസ്.) രാഷ്ട്ര പിതാവായ മഹാത്മാഗാന്ധിയുടെ പേരിലുള്ള ഈ പദ്ധതി ഭാരതത്തിന്റെ ബഹുസ്വരതയെ ഊട്ടി ഉറപ്പിക്കുന്നതിനും ഇന്ത്യയിലെ വിവിധ ജനസമൂഹങ്ങളുടെ ജീവിതനിലവാരത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനും വേണ്ടിയായിരുന്നു ആവിഷ്കരിച്ചത്.

ഇന്ത്യൻ ഭരണഘടനയുടെ 41 ാം അനുച്ഛേദമനുസരിച്ച് ജോലി ചെയ്യാനുള്ള അവകാശം സർക്കാർ ജനങ്ങൾക്ക് ലഭ്യമാക്കണമെന്നുള്ളതാണ്. ഇതിന്റെ ചുവട് പിടിച്ചാണ് ദേശീയ പുരോഗമന സഖ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗിന്റെ ഭരണകാലത്ത് പാർലമെന്റ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമം മൂലം നടപ്പിലാക്കിയത്. എന്നാൽ, നിലവിലുള്ള നരേന്ദ്രമോദി സർക്കാർ ഈ നിയമം റദ്ദാക്കുന്നതിനായി പാർലമെന്റിൽ 2025 ലെ 197 ാം നമ്പർ പ്രകാരം ബിൽ പാസാക്കിയിട്ടുണ്ട്. മഹാത്മാഗാന്ധിയുടെ പേരിലുള്ള ഈ പദ്ധതി വികസിത് ഭാരത് ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) (VB-G RAM G) എന്ന പേരിലേക്ക് മാറ്റപ്പെടുകയാണ്. ഗ്രാമസ്വരാജ് എന്ന മഹത്തായ ആശയവും ഗ്രാമങ്ങളിലാണ് ഇന്ത്യ കുടികൊള്ളുന്നതെന്ന യാഥാർഥ്യവും മനസ്സിലാക്കി ഗ്രാമീണ ജനതയുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താനും ജീവിത സ്വപ്നങ്ങൾക്ക് ലക്ഷ്യബോധം നൽകാനുമുള്ള ഈ പദ്ധതി പുതിയ പേരിലൂടെ അറിയപ്പെടുമ്പോൾതന്നെ അതിന്റെ അന്തസ്സാരശൂന്യത വെളിവാക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രകാരം കുടുംബത്തിലൊരാൾക്ക് പ്രതിവർഷം 100 ദിവസത്തെ തൊഴിൽ ലഭിക്കുന്നതിലൂടെ ഭാരതത്തിലെ 12 കോടി കുടുംബങ്ങൾക്ക് ലഭിക്കുന്ന വരുമാനം അവരുടെ വിശപ്പകറ്റുമെന്ന് ഉറപ്പിക്കാൻ കഴിയുമായിരുന്നു. സ്ത്രീകളുടെ കൈകളിൽ പണമെത്തുമ്പോഴാണ് യഥാർഥ ശാക്തീകരണം നടക്കുന്നതെന്നുള്ളതിന്റെ ഉദാത്ത മാതൃകയായിരുന്നു ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2005 ൽ നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രധാന്യം നാം

തിരിച്ചറിഞ്ഞത് കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിലാണ്. ഇന്ത്യ നിശ്ചലമായപ്പോൾ ഗ്രാമീണ ജനതയുടെയും പാവപ്പെട്ടവരുടെയും വീടുകളിലെ അടുപ്പുകൾ പ്രവർത്തിച്ചത് ഈ പദ്ധതിയുടെ പ്രയോജനം മൂലമാണ്. ഉറപ്പായ ജീവന സുരക്ഷ എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രത്യേകത. കൂടാതെ അടിസ്ഥാന വികസനവും പരിസ്ഥിതി സംരക്ഷണവും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

ലോകബാങ്ക് ഈ പദ്ധതിയെ വിശേഷിപ്പിച്ചത് "Stellar Example of Rural Development’ എന്നാണ്. തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം കൃത്യമായി ലഭ്യമാക്കുമെന്ന് മൻമോഹൻ സർക്കാർ ഉറപ്പ് നൽകിയിരുന്നതാണ്. നിർമ്മാണ സാമഗ്രികൾക്കുള്ള ചെലവിന്റെ 25 ശതമാനം തുക മാത്രമായിരുന്നു സംസ്ഥാനങ്ങൾ നൽകേണ്ടുന്ന വിഹിതം. പദ്ധതിയിൽ വനിതകൾക്ക് കൂടുതൽ പ്രാധാന്യവും മുൻഗണനയും ലഭിക്കുകയും ഒരു Women Empowerment Programme ആയി ഇത് മാറ്റപ്പെടുകയും ചെയ്തു. രാഷ്ട്രപിതാവിന്റെ പേരിലുള്ള ഒരേയൊരു സാമൂഹിക - സാമ്പത്തിക-തൊഴിൽദായക പദ്ധതിയെ പുനർനാമകരണം ചെയ്തത് തീർച്ചയായും മഹാത്മാഗാന്ധിയുടെ പേരിനെ തമസ്കരിക്കാനുള്ള ഫാസിസ്റ്റ് പാഴ്ശ്രമം മാത്രമാണെന്ന് ഏതൊരു പൗരനും മനസ്സിലാകുന്നതാണ്.

ഇപ്പോൾ വിബി-ജി റാം ജി പദ്ധതി എന്ന പേരിൽ പുതിയ ബിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ മുൻകാല നേട്ടങ്ങളൊക്കെ അട്ടിമറിക്കപ്പെടുമെന്നാണ് വ്യക്തമാകുന്നത്. പുതിയ ബിൽ പ്രകാരം തൊഴിൽ നൽകുമ്പോൾ ഏറ്റവും പ്രധാനം ഈയിനത്തിലുണ്ടാകുന്ന ചെലവ് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 60 : 40 എന്ന അനുപാതത്തിൽ വഹിക്കേണ്ടതായി വരുമെന്നുള്ളതാണ്. ആയത് കേരളം പോലൊരു സംസ്ഥാനത്ത് കൂടുതൽ സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കുമെന്നതിൽ സംശയമില്ല. ചുരുക്കത്തിൽ ഈ പദ്ധതി തന്നെ ഇല്ലാതാകുന്ന സ്ഥിതി ഉണ്ടാകും.

നാം ഇവിടെ സ്മരിക്കേണ്ട ഏറ്റവും പ്രധാനകാര്യം 2005 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നതിനുശേഷം നാളിതുവരെ 10 ലക്ഷം കോടിയിലധികം രൂപയാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. ഏറ്റവുമധികം സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന ദുർബല ജനവിഭാഗങ്ങളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നത് ഇതിന്റെ ശക്തമായ മാനുഷിക ആഭിമുഖ്യത്തെയും ജനകീയതയെയും സൂചിപ്പിക്കുന്നു. ഗാന്ധിയൻ സോഷ്യലിസ്റ്റ് വികസന സങ്കല്പ സിദ്ധാന്തത്തിന്റെ മൂർത്തമായ ആവിഷ്കാരമാണ് ഈ പദ്ധതി. സമ്പത്തിന്റെ പുനർവിതരണത്തിലൂടെ എല്ലാവരേയും ശാക്തീകരിച്ചിരുന്ന ഈ പദ്ധതി ദുർബ്ബലപ്പെടുമ്പോൾ അത് രാഷ്ട്രത്തിന്റെ പൊതുവായ സാമ്പത്തിക ചംക്രമണത്തെയും പ്രതികൂലമായി ബാധിക്കുമെന്നതിൽ സംശയമില്ല.

രാഷ്ട്രപിതാവിന്റെ മഹത്തായ ആശയങ്ങളുടെ ഏറ്റവും സ്ഫുടം ചെയ്ത ആവിഷ്കാരമായിരുന്നു ഒരുപക്ഷേ ലോകത്തേറ്റവും കൂടുതൽ പേർക്ക്, അതും നിരാശ്രയരും നിരാലംബരുമായ ഒരു ജനതയെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുള്ള ഈ തൊഴിലുറപ്പ് പദ്ധതിയെന്നത് നിസ്തർക്കമാണ്. മഹാത്മാഗാന്ധിയെ തമസ്കരിക്കാനുള്ള ഈ നീക്കം തികച്ചും അപലപനീയമാണ്. ഒപ്പം പുതിയ ബില്ലിലൂടെ തൊഴിലെടുക്കാനുള്ള അവകാശം ഹനിക്കപ്പെടുകയാണ്. സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിലേക്കുള്ള കൈകടത്തലായികൂടി വിബി-ജി റാം ജി പദ്ധതി മാറുന്നു. ഭരണഘടനയുടെ 73-ാം ഭേദഗതിയിലൂടെ ഏർപ്പെടുത്തിയ അധികാര വികേന്ദ്രീകരണ പ്രക്രിയ ഇവിടെ അട്ടിമറിക്കപ്പെടുന്നു. കൂടാതെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വൈവിധ്യമാർന്ന കാർഷിക രീതിയെയും അനുബന്ധ പ്രവർത്തനങ്ങളെയും ആയതിന്റെ വൈവിധ്യത്തിൽ കാണാതെ, സംസ്ഥാന സർക്കാരുകളുമായി ചർച്ച ചെയ്യാതെ ഏകപക്ഷീയമായി അടിച്ചേല്പ്പിക്കുന്ന പുതിയ തൊഴിൽ പദ്ധതിയുടെ നിയമപരമായ സാധുതകൂടി പരിശോധിക്കപ്പെടേണ്ടതുണ്ട്. എന്തായാലും പുനർനാമകരണം നടത്തിക്കൊണ്ടുവന്ന വിബി-ജി റാം ജി പദ്ധതിയെ എതിർത്തു തോല്പിക്കാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടരാനുമുള്ള ശ്രമങ്ങൾക്കുവേണ്ടി ഏതറ്റം വരെ പോകാനുമുള്ള പ്രവർത്തനങ്ങൾ നാം ശക്തമായി തുടരുക തന്നെ ചെയ്യും.





**ചിറ്റയം ഗോപകുമാർ**
ഡെപ്യൂട്ടി സ്പീക്കർ

# ജനാധിപത്യ പുതുകേരളം

സാർഥകമായ ഒരു ജനാധിപത്യം ഉണ്ടാകണമെങ്കിൽ അറിവുള്ള, പ്രതിബദ്ധതയുള്ള ഒരു ജനത ഉണ്ടാകണം. അത് സ്വാഭാവികമായി ഉണ്ടാകുന്നതല്ല. അതിനെ സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. ജന്മാവകാശം പൗരത്വത്തിന്റെ അവകാശവും സമ്മതിദാന അവകാശവുമാകുമ്പോൾ ജനാധിപത്യബോധവും കാഴ്ചപ്പാടുമുള്ള ഒരു ജനത എന്നത് ഉണ്ടാക്കിയെടുക്കേണ്ടതു തന്നെയാണ്. ആർക്കാണ് ഇത്തരം ഒരു സാമൂഹിക സൃഷ്ടിയുടെ പ്രാഥമികമായ ഉത്തരവാദിത്വം. തീർച്ചയായും ഭരണകൂടത്തിനും ജനാധിപത്യ സ്ഥാപനങ്ങൾക്കും ഈ ചുമതലയുണ്ട്. പൊതുവിദ്യാഭ്യാസം, നിയമനിർമ്മാണം എന്നിവയിലൂടെ സർക്കാർ ഇത് നിർവഹിക്കുന്നു എന്ന് പറയാം. പക്ഷേ അതിനു പരിമിതികളുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ടവരിലേക്ക് ഈ സംവിധാനങ്ങൾ എത്രമാത്രം എത്തിച്ചേരുന്നു എന്നത് പരിശോധിക്കേണ്ടതുണ്ട്. അത്തരത്തിൽ പരിശോധിക്കുമ്പോൾ ജനാധിപത്യത്തിൽ ശരിക്കും വിധികർത്താക്കളാകാൻ പര്യാപ്തമായ ഒരു ജനതയെ എങ്ങനെയാണ് രൂപപ്പെടുത്തേണ്ടത്. വിവിധ തലത്തിലും രൂപങ്ങളിലുമുള്ള സാമൂഹിക പൗരാവകാശ പ്രസ്ഥാനങ്ങൾക്കും സംവിധാനങ്ങൾക്കും ഇക്കാര്യത്തിൽ നിർണ്ണായകമായ പങ്കു വഹിക്കാനാകും. ഇക്കാര്യത്തിൽ നമ്മൾ എവിടെയാണ് നിൽക്കുന്നത്? മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾ എന്ത് നിലപാടാണ് സ്വീകരിക്കുന്നത്? മതവിശ്വാസം ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഒരു സമൂഹത്തിൽ, മതേതരത്വത്തിന്റെ പ്രായോഗികതലങ്ങൾ നിത്യജീവിതത്തിലെ വ്യവഹാരമാക്കേണ്ട ഉത്തരവാദിത്വത്തിൽനിന്ന് ഇന്ത്യയിലെ മതേതര രാഷ്ട്രീയ പാർട്ടികൾ പിന്നാക്കംപോയതും ഒരു കാരണമാണ്. മതേതരത്വവും ബഹുസ്വരതയുമൊക്കെ ആശയതലത്തിൽനിന്നും ജനാധിപത്യത്തെ നിയന്ത്രിക്കുന്ന ജൈവധാരയായി മാറണമെങ്കിൽ അതിനു വേണ്ടിയുള്ള സംസ്കാരിക-രാഷ്ട്രീയ പ്രവർത്തനങ്ങൾ നിരന്തരമായി നടത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ നമ്മൾ എവിടെയാണ് നിൽക്കുന്നത്?

പതിനഞ്ചാം കേരള നിയമ

സഭ അതിന്റെ കാലാവധി പൂർത്തിയാക്കി തിരഞ്ഞെടുപ്പിലേക്ക് പോകുകയാണ്. കഴിഞ്ഞ ഒന്നര പതിറ്റാണ്ട് കാലം ഈ സഭയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷവും അഭിമാനവുമുണ്ട്. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലെ നിർണ്ണായകമായ ഒരു കാലമായിരുന്നു കഴിഞ്ഞ പത്തു വർഷങ്ങൾ. പ്രതിസന്ധികളും പ്രകൃതി ദുരന്തങ്ങളും ഇത്രയേറെ കേരളത്തെ ബാധിച്ച കാലം ഇതുപോലെ മറ്റൊന്നുണ്ടാകില്ല. നമുക്ക് അഭിമുഖീകരിക്കേണ്ടിവന്ന പ്രശ്നങ്ങൾ സമാനതകളില്ലാത്തതായിരുന്നു.

ഐക്യകേരളം സാക്ഷാൽക്കരിക്കപ്പെടുന്നതിന് മുമ്പുതന്നെ കേരളം ഏതു ദിശയിലാണ് പോകേണ്ടതെന്ന വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്ന പ്രസ്ഥാനമാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. 1956 ജൂൺ 21 മുതൽ 23 വരെ തൃശ്ശൂരിൽ ചേർന്ന കമ്മ്യൂണിസ്റ്റ് പാർട്ടി സംസ്ഥാന സമ്മേളനം 'പുതിയ കേരളം പടുത്തുയർത്താനുള്ള നിർദേശങ്ങൾ' എന്ന രേഖ അംഗീകരിച്ചത് ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ്. പിന്നീട് ഐക്യകേരളം രൂപീകരിച്ചശേഷം അധികാരത്തിലെത്തിയ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ഇടതുപക്ഷ ജനാധിത്യമുന്നണിയുടെയും നേതൃത്വത്തിലുള്ള സർക്കാരുകൾ വിവിധ നിയമനിർമ്മാണങ്ങളും നടപടികളുമായി മുന്നോട്ടു പോയതും ഇതേ കാഴ്ചപ്പാടോടെ തന്നെ.

1957 ൽ ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള സർക്കാർ സത്യപ്രതിജ്ഞ ചെയ്ത് (ഏപ്രിൽ അഞ്ച്) ആറാംനാളിൽ (ഏപ്രിൽ 11) 'കുടിയിറക്കൽ നിരോധന ഓർഡിനൻസ്' കൊണ്ടുവന്നു. പാട്ടക്കാരും വാരക്കാരും കുടിയാന്മാരുമായ 36 ലക്ഷത്തോളം പാവപ്പെട്ട മനുഷ്യർക്കാണ് അതിന്റെ ഗുണം ലഭിച്ചത്. സമഗ്ര കാർഷിക ബന്ധ ബിൽ 1957 ഡിസംബർ 21 ന് അന്നത്തെ റവന്യൂമന്ത്രി കെ. ആർ. ഗൗരിയമ്മ നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കി. ഈ നിയമം വഴി പാട്ടക്കാർക്ക് ഭൂമിക്ക് ഉടമസ്ഥാവകാശം ലഭിച്ചു. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമിക്ക് പരിധി നിശ്ചയിച്ചു. കൂടുതലുള്ള ഭൂമി സർക്കാർ ഏറ്റെടുക്കുകയും അത് ഭൂരഹിതർക്ക് നൽകുകയും ചെയ്തു. 1957 ൽത്തന്നെ വിദ്യാഭ്യാസനിയമം പാസാക്കി. മാനേജ്മെന്റുകളുടെ ചൂഷണം അവസാനിപ്പിച്ച് സ്വകാര്യ എയ്ഡഡ് അധ്യാപകർക്ക് സർക്കാർ നേരിട്ട് ശമ്പളം കൊടുത്തു. എട്ടാം ക്ലാസ് വരെ വിദ്യാഭ്യാസം സൗജന്യമാക്കി. അങ്ങനെ വിദ്യാഭ്യാസം ജനാധിപത്യവൽക്കരിക്കുകയും സാർവത്രികമാക്കുകയും ചെയ്തു. ഇ. എം. എസിന്റെ നേതൃത്വത്തിലുള്ള സർക്കാർ 67 ൽ രണ്ടാമതും വന്നപ്പോഴാണ് പത്താംക്ലാസു വരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കിയത്. ഇതേത്തുടർന്ന് മലബാറിലടക്കം കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരികയും അവിടങ്ങളിൽ സാധാരണക്കാരുടെ മക്കൾക്ക് ഉയർന്ന വിദ്യാഭ്യാസം പ്രാപ്തമാവുകയും ചെയ്തു.

ഐക്യരാഷ്ട്രസഭയുടെ 'ലോക ദാരിദ്ര്യവിവര പട്ടിക' പുറത്തുവന്നത് 2025 നവംബറിലാണ്. 110 കോടി അതിദരിദ്രർ ലോകത്തുണ്ടെന്നാണ് ഈ റിപ്പോർട്ടിൽ പറയുന്നത്. അതിൽ 24.32 കോടി ജനങ്ങൾ ഇന്ത്യയിലാണ് - ഏകദേശം 21% പേർ. 123 രാജ്യങ്ങളുടെ അതിദരിദ്ര പട്ടിക തയ്യാറാക്കിയപ്പോൾ അതിൽ ഇന്ത്യയുടെ സ്ഥാനം 102 ആണ്. ഈ റിപ്പോർട്ട് മറ്റൊരു കാര്യം കൂടി വ്യക്തമാക്കുന്നു. ലോകത്ത് ഏറ്റവും കൂടുതൽ ദരിദ്രരുള്ള രാജ്യം ഇന്ത്യയാണ്. ഈ സ്ഥിതി നിലനിൽക്കുന്ന രാജ്യത്താണ്, ചെറിയൊരു സംസ്ഥാനമായ കേരളം അതിദരിദ്രർ ഇല്ലാതായ ചരിത്രനേട്ടം കൈവരിച്ചത്. ഇത് ഒരു സുപ്രഭാതത്തിൽ സംഭവിച്ചതല്ല. അതിന്റെ അടിവേരുകൾ ചെന്നുനിൽക്കുന്നത് 1957 ലെ ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാരിലാണ്. 1969 ൽ വന്ന സി. അച്യുതമേനോൻ സർക്കാർ ഈ വഴിയിൽ വളരെ ദൂരം സഞ്ചരിച്ചു. 2021 ൽ അധികാരമേറ്റ ശേഷം ഈ സർക്കാരിന്റെ ആദ്യ തീരുമാനമായിരുന്നു സംസ്ഥാനത്ത് അതിദാരിദ്ര്യം ഇല്ലാതാക്കുമെന്നത്. ഈ വാഗ്ദാനം പാലിക്കപ്പെട്ടു.

എല്ലാവർക്കും വീട് എന്നത് കേരളത്തിന്റെ ഒരു സ്വപ്നമായിരുന്നു. 1970 കളിൽ ഭവനനിർമ്മാണ മന്ത്രി കൂടിയായിരുന്ന എം.എൻ. ഗോവിന്ദൻ നായർ 'ലക്ഷം വീട് പദ്ധതി' പ്രഖ്യാപിക്കുമ്പോൾ അത് വിജയിക്കുമെന്ന പ്രതീക്ഷ പൊതുവെ ഉണ്ടായിരുന്നില്ല. എന്നാൽ അത് വിജയിച്ചു. തുടർന്നുവന്ന സർക്കാരുകൾ കുറച്ചൊക്കെ ഈ രംഗം ശ്രദ്ധിച്ചു. 'ലൈഫ് പദ്ധതി' പ്രഖ്യാപിച്ച്, അത് സമയബന്ധിതമായി നടപ്പിലാക്കിയതിലൂടെ 2025 ഓഗസ്റ്റ് 31 വരെ 4,62,412 പേർക്കാണ് പുതുതായി വീട് ലഭിച്ചത്.

1957 ൽ കേരളത്തിൽ ഒമ്പത് ശതമാനം പേർക്ക് മാത്രമേ സ്വന്തമായി ഭൂമി ഉണ്ടായിരുന്നുള്ളൂ. അതാകട്ടെ വരേണ്യവർഗത്തിന്റെ കൈവശവുമായിരുന്നു. അന്ന് നടപ്പിലാക്കിയ കുടിയൊഴിപ്പിക്കൽ നിയമവും 1970 ജനുവരിയിൽ നടപ്പിലാക്കിയ ഭൂപരിഷ്കരണ നിയമവുമെല്ലാം കേരളത്തിൽ മൗലികമായ മാറ്റങ്ങൾ കൊണ്ടുവന്നു. ഇന്ന് കേരളത്തിൽ 97% കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയുണ്ട്. 2016 ൽ എൽ.ഡി.എഫ്. വാഗ്ദാനം ചെയ്തിരുന്നതുപോലെ കാര്യങ്ങൾ നടന്നു. ഒമ്പതര വർഷത്തിനുള്ളിൽ 3,57,868 പേർക്കാണ് പട്ടയം നൽകിയത്.

1957 ൽ എഴുതാനും വായിക്കാനും അറിയുന്നവർ 20 ശതമാനത്തിന് താഴെയായിരുന്നു. സാർവത്രിക വിദ്യാഭ്യാസത്തിന് അനുഗുണമായ വിദ്യാഭ്യാസ നടപടികളും ഇ.എം.എസ്. സർക്കാർ കൊണ്ടുവന്നു. വിദ്യാഭ്യാസ രംഗത്ത് മാറ്റവും മുന്നേറ്റവും നമ്മുടെ നാടിനെ വലിയതോതിൽ പുരോഗതിയിലേക്ക് നയിച്ചു. ഇന്ന്

സാക്ഷരത 100 ശതമാനത്തിനടുത്തെത്തി നിൽക്കുന്നു. പൊതുവിദ്യാഭ്യാസയജ്ഞം വഴി സാധാരണക്കാരുടെ കുട്ടികൾ പഠിക്കുന്ന പൊതുവിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടുത്തി. എൽ.പി.എസ്. മുതലുള്ള പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ നേരിട്ടുകണ്ട് തന്നെ നേട്ടങ്ങൾ തിരിച്ചറിയേണ്ടതാണ്. ഭൗതിക സൗകര്യങ്ങൾ, സ്മാർട്ട് ക്ലാസുകൾ, അധ്യാപക പരിശീലനം തുടങ്ങി നേട്ടങ്ങളുടെ നീണ്ട പട്ടിക ആർക്കും പരിശോധിക്കാവുന്നതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ച സ്കൂളുകൾ നവീകരിച്ച് പൊതുവിദ്യാഭ്യാസ മേഖല കരുത്തുറ്റതാക്കി.

ഉന്നത വിദ്യാഭ്യാസരംഗവും അതിവേഗം മാറുകയാണ്. രാജ്യത്തെ മികച്ച 100 കോളേജുകളിൽ 16 എണ്ണം കേരളത്തിലാണ്. ഈ രംഗത്ത് ഒട്ടേറെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. എന്നാൽ കേന്ദ്രസർക്കാരിന്റെയും ഗവർണ്ണർമാരുടെയും ഇടപെടലുകൾ ഈ രംഗത്ത് ധാരാളം പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എങ്കിലും അടുത്ത ഏതാനും വർഷങ്ങൾ കൊണ്ട്, കേരളം 'ഉന്നത വിദ്യാഭ്യാസ ഹബ്ബ്' ആയി മാറുക തന്നെ ചെയ്യും. കേരളത്തിന്റെ വികസനത്തിന് ഉല്പാദനവും ഉല്പാദനക്ഷമതയും വർധിപ്പിച്ച് ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് വൈജ്ഞാനിക സമൂഹ സൃഷ്ടിയെന്ന കാഴ്ചപ്പാട് മുന്നോട്ടുവച്ചു. ഉന്നതവിദ്യാഭ്യാസ കമ്മിഷൻ രൂപീകരിച്ച് ഉന്നതവിദ്യാഭ്യാസമേഖലയുടെ നിലവാരം മെച്ചപ്പെടുത്താൻ ഇടപെട്ടു. ഇന്ന് ഇന്ത്യയിലെ മികച്ച 10 സർവകലാശാലകളിൽ രണ്ടെണ്ണം കേരളത്തിലാണ്. മികച്ച ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 200 എണ്ണത്തിൽ 42 ഉം കേരളത്തിലാണ്. ശാസ്ത്ര സാങ്കേതികരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി യാഥാർഥ്യമാക്കി. സയൻസ് പാർക്ക് സ്ഥാപിച്ചു.

നീതി ആയോഗിന്റെ 2023ലെ മാനവ വികാസ സൂചികയിൽ 7.1 പോയിന്റുമായി കേരളം ഇന്ത്യൻ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്താണ്. ഇത് ആഗോള തലത്തിൽത്തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ള സംസ്ഥാനത്തിന്റെ നേട്ടമാണ്. നീതി ആയോഗിന്റെ അവസാനത്തെ മൂന്ന് വിലയിരുത്തലുകളിലും കേരളം സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലും ഒന്നാം സ്ഥാനത്താണ്. 2023 ലെ ബഹുമാന ദാരിദ്ര്യ സൂചികയിൽ 0.002 നേട്ടവുമായി കേരളം മികച്ച പ്രകടനമാണ് കാഴ്ചവയ്ക്കുന്നത്. രാജ്യത്തെ വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ മികച്ച ഭരണ നിർവഹണത്തിൽ ഇന്ത്യയിൽ മൂന്നാമതാണ് കേരളത്തിന്റെ സ്ഥാനം. ഇന്ത്യൻ സംസ്ഥാനങ്ങളിലെ ബൃഹദ് സമ്പദ്ഘടനകളിൽ ഒമ്പതാം സ്ഥാനത്തുള്ള കേരളം മൊത്ത ആഭ്യന്തര ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും മികച്ച പ്രകടനമാണ് കാഴ്ചവയ്ക്കുന്നതെന്നത് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. ധാതുലവണങ്ങൾ പോലുള്ള പ്രകൃതിവിഭവങ്ങളുടെ അഭാവം, വ്യാവസായിക പിന്നാക്കാവസ്ഥ, നികുതിവരുമാനമടക്കം പൊതുവരുമാനത്തിന്റെ പരിമിതി എന്നിവയെല്ലാം നിലനിൽക്കെയാണ് മേല്പറഞ്ഞ നേട്ടങ്ങൾ കൈവരിക്കാനായത്.

കേന്ദ്ര സർക്കാരിനെ രാഷ്ട്രീയമായും നിയമപരമായും പ്രതിരോധിക്കുക എന്ന വലിയ ബാധ്യതയാണ് കേരളത്തിന് ഏറ്റെടുക്കേണ്ടിവന്നത്. മോദി സർക്കാർ രാജ്യത്തെ ജനാധിപത്യ സംവിധാനങ്ങളെയാകെ ദുർബലമാക്കി. സ്വേച്ഛാധികാരത്തിലേക്ക് രാജ്യത്തെ എത്തിക്കാനുള്ള നീക്കങ്ങൾ ആണ് ദ്രുതഗതിയിൽ നടക്കുന്നത്. ഇന്ത്യയെ മതാധിഷ്ഠിത രാഷ്ട്രമാക്കാനുള്ള നിയമനിർമ്മാണങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മെജോറിറ്റേറിയനിസമാണ് ആർ.എസ്.എസ്. പ്രയോഗിച്ചു കൊണ്ടിരിക്കുന്നത്. പ്രസിഡൻഷ്യൽ സിസ്റ്റത്തിലേക്ക് ഇന്ത്യയെ എത്തിക്കാനുള്ള കൗശലപൂർവമായ നീക്കങ്ങളാണ് നടക്കുന്നത്. അതിനായി 'ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ്' പോലുള്ള നിയമ നിർമ്മാണങ്ങൾക്ക് നീക്കം നടക്കുന്നു. ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങൾ പൊളിച്ചെഴുതുക എന്ന ലക്ഷ്യത്തോടെയാണ് ഹിന്ദുത്വ സർക്കാർ പ്രവർത്തിക്കുന്നത്. ഇതുവരെയുള്ള ഭരണകൂട നിലപാടുകളിൽ നിന്ന് വ്യത്യസ്തമായി ഇന്ത്യയുടെ പരിമിതമായ മതനിരപേക്ഷ സമീപനം എത്രയും വേഗം കയ്യൊഴിയുക എന്നൊരു പ്രധാന അജണ്ടയ്ക്ക് ചുറ്റുമാണ് ബി.ജെ.പി. സർക്കാർ പ്രവർത്തിക്കുന്നത്. അവരുടെ എല്ലാ പുതിയ നിയമങ്ങളുടെയും ആത്യന്തിക ലക്ഷ്യം മതനിരപേക്ഷത ഇല്ലാതാക്കുക എന്നതാണ്.

ഇടതു സർക്കാരിനെതിരെ ഉയർത്തപ്പെടുന്ന ഒരു ആരോപണം അതിന്റെ നിലപാടുകളിലും സൈദ്ധാന്തിക ദർശനങ്ങളിലും മാറ്റം വരുത്തുന്നു എന്നതാണ്. ഇത് പരിശോധിക്കപ്പെടേണ്ടത് തന്നെയാണ്. ഓരോ കാലവും സാമൂഹിക സാഹചര്യങ്ങളും ആവശ്യപ്പെടുന്ന പ്രതികരണങ്ങളാണ് ഉത്തരവാദിത്വമുള്ള സർക്കാരുകൾ നടത്തേണ്ടത്. 1957 ലെ ഇ.എം.എസ്. സർക്കാർ ജന്മിത്ത കാലത്ത് ആധുനികകേരളം കെട്ടിപ്പടുക്കുന്നതിനുള്ള ഇടപെടലാണ് നടത്തിയത്. ആഗോളവൽക്കരണത്തിന്റെ ഈ കാലത്ത്, ഈ സർക്കാർ ബദൽ നയങ്ങൾ മുന്നോട്ടുവച്ചുകൊണ്ടുള്ള നവകേരള സൃഷ്ടിക്കായാണ് ഇടപെടുന്നത്.

ഇടതുപക്ഷ സർക്കാരുകളുടെ ദൃഢനിശ്ചയത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും ഫലമായാണ് കേരളം ഇന്നുകാണുന്ന അഭിവൃദ്ധിയിലേക്കെത്തിയത്. അതിദാരിദ്ര്യമുക്തമെന്ന നേട്ടം ഈ പട്ടികയിലൊടുവിലത്തേതാണ്. ജനങ്ങളെ ചേർത്തുപിടിച്ച് സാമൂഹ്യനീതിയിൽ അധിഷ്ഠിത

മായ ക്ഷേമ, വികസന പ്രവർത്തനങ്ങളിലൂടെ നാടിനെ മുന്നോട്ടേക്ക് നയിച്ചത് കേരളത്തിലെ ഇടതുപക്ഷ സർക്കാരുകളാണ്. മനുഷ്യരെ സേവിക്കുകയെന്നാൽ അതിനർഥം അവരെ സർവവിധ പാരതന്ത്ര്യങ്ങളിൽനിന്നും മോചിപ്പിക്കലാണെന്ന് കാൾ മാർക്സ് പറഞ്ഞിട്ടുണ്ട്. ആ സേവനാദർശത്തിന്റെ അനന്തരാവകാശികളായ കമ്മ്യൂണിസ്റ്റുകാരാണ് കേരളം ഭരിക്കുന്നത്. അതുകൊണ്ടു തന്നെയാണ്, കേരളത്തിന്റെ മണ്ണിൽ ഒരു നേരത്തെ വിശപ്പടക്കാൻ വഴിയില്ലാതെ, ഒന്നു കേറിക്കിടക്കാൻ ഇടമില്ലാതെ, ഉടുതുണിക്ക് മറുതുണിയില്ലാതെ ആരുമുണ്ടാകരുതെന്ന് 2021 ൽ അധികാരത്തിൽ വന്ന രണ്ടാം പിണറായി സർക്കാർ സുപ്രധാന ലക്ഷ്യമായി പ്രഖ്യാപിച്ചത്. ആ ലക്ഷ്യത്തെ യാഥാർഥ്യമാക്കാൻ കഴിഞ്ഞ അഞ്ചു വർഷമായി പ്രവർത്തനങ്ങൾ ഏറ്റവും സുതാര്യമായി നടന്നുവരികയായിരുന്നു. അതിന്റെ സാക്ഷാൽക്കാര നിമിഷങ്ങൾക്കാണ് 2025 കേരളപ്പിറവി ദിനത്തിൽ നാട് സാക്ഷ്യം വഹിച്ചത്.

കേരളപ്പിറവിക്ക് 75 വർഷം തികയുമ്പോൾ ലോകം ഉറ്റുനോക്കുന്ന ഒരു വികസിത സംസ്ഥാനമായി മാറുന്നതിനുള്ള മാർഗരേഖകളാണ് വിഷൻ 2031 വികസന സെമിനാറുകൾ ചർച്ച ചെയ്തത്. സമകാല വെല്ലുവിളികളെ വിജയകരമായി അതിജീവിക്കുന്നതിനൊപ്പം ഏറ്റവും ഉന്നതമായ ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ ഉപയോഗിച്ച് സ്വപ്നകേരളം പടുത്തുയർത്തുന്നതിനുള്ള ഭാവനാപൂർണ്ണമായ നടപടികൾക്ക് അടിത്തറയിട്ടുകഴിഞ്ഞു.



**2026 ജനുവരി 26 ലെ റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് നിയമസഭാ സമുച്ചയത്തിൽ നടന്ന ചടങ്ങിൽ സ്പീക്കർ എ.എൻ. ഷംസീർ വാച്ച് ആൻഡ് വാർഡിന്റെ ഗാർഡ് ഓഫ് ഓണർ സ്വീകരിക്കുന്നു.**

# വി.എസിന്റെ ചരമോപചാര റഫറൻസ് കൈമാറി



അന്തരിച്ച മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ നിര്യാണത്തിൽ കേരള നിയമസഭ നടത്തിയ ചരമോപചാര റഫറൻസിന്റെ പകർപ്പ് അദ്ദേഹത്തിന്റെ കുടുംബത്തിന് സ്പീക്കർ എ.എൻ. ഷംസീർ കൈമാറി. തിരുവനന്തപുരം ലോ കോളേജിന് സമീപമുള്ള വേലിക്കകത്ത് വീട്ടിൽ നേരിട്ടെത്തിയാണ് അച്യുതാനന്ദന്റെ പത്നി വസുമതിയമ്മയ്ക്ക് സ്പീക്കർ റഫറൻസ് കൈമാറിയത്.

## കാനത്തിൽ ജമീലയ്ക്ക് അന്ത്യാഞ്ജലി അർപ്പിച്ചു

പതിനഞ്ചാം കേരള നിയമസഭയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ സാമാജികയായിരുന്ന അന്തരിച്ച കാനത്തിൽ ജമീലയ്ക്ക് നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ അന്ത്യാഞ്ജലി അർപ്പിച്ചു.



## ശ്രീനിവാസന്റെ വേർപാടിൽ അനുശോചിച്ചു

സ്പീക്കർ എ.എൻ. ഷംസീർ മലയാള ചലച്ചിത്ര പ്രതിഭ ശ്രീനിവാസന്റെ വിയോഗത്തിൽ അദ്ദേഹത്തിന്റെ വസതിയിലെത്തി അനുശോചനം രേഖപ്പെടുത്തി. ചലച്ചിത്ര ലോകത്തിന് നികത്താനാകാത്ത നഷ്ടമാണ് ശ്രീനിവാസന്റെ വേർപാട് എന്നും കുടുംബത്തിന്റെ ദു:ഖത്തിൽ പങ്കുചേരുന്നതായും അദ്ദേഹം അറിയിച്ചു.



# സംസ്ഥാന സ്കൂൾ കലോത്സവം സമാപന സമ്മേളനം




തൃശ്ശൂരിൽ നടന്ന 64 ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സമാപന ചടങ്ങിൽ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി വി. ശിവൻകുട്ടി, ചലച്ചിത്രതാരം മോഹൻലാൽ എന്നിവരോടൊപ്പം.



## ജി. സുധാകരനെ സന്ദർശിച്ചു

കാലിന് പരിക്ക് സംഭവിച്ച് വിശ്രമത്തിൽ കഴിയുന്ന മുൻ മന്ത്രി ജി. സുധാകരനെ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ സന്ദർശിച്ചു.

# നവീകരിച്ച കരിനിലം - പശ്ചിമ - കുഴിമാവ് റോഡ് ഉദ്ഘാടനം

**സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**പൂഞ്ഞാർ**



വർഷങ്ങളായി തകർന്നു കിടന്നിരുന്ന കരിനിലം പശ്ചിമ കുഴിമാവ് റോഡ് പൂർണ്ണമായും റീടാർ ചെയ്ത് ഗതാഗത യോഗ്യമാക്കിയതിന്റെ ഔപചാരിക ഉദ്ഘാടനം കരിനിലം പോസ്റ്റ് ഓഫീസ് ജംഗ്ഷനിൽ സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. നിർവഹിച്ചു. സാങ്കേതിക തടസ്സങ്ങളാൽ മുൻപ് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ മുടങ്ങിയ വിഷയം, എം.എൽ.എ. നിയമസഭയിൽ സബ്മിഷനായി അവതരിപ്പിച്ചിരുന്നു. തുടർന്ന് പൊതുമരാമത്ത് വകുപ്പ് അനുവദിച്ച ഒന്നേകാൽ കോടി രൂപ വിനിയോഗിച്ചാണ് റോഡ് നവീകരിച്ചത്. ഉദ്ഘാടന ചടങ്ങിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

# സൂംബ ഫിറ്റ്നസ് ഡാൻസ് പരിശീലനം

**യു. പ്രതിഭ, കായംകുളം.**



'ആരോഗ്യമാണ് സമ്പത്ത്' എന്ന ആശയം മുൻനിർത്തി കായംകുളം മണ്ഡലത്തിൽ രൂപകല്പന ചെയ്ത 'ഒപ്പം' പദ്ധതിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് സൂംബ ഫിറ്റ്നസ് ഡാൻസ് പരിശീലനം നൽകി. മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലെയും വിദ്യാർഥികളെ പദ്ധതിയുടെ ഭാഗമാക്കി സൗജന്യ ഓൺലൈൻ സൂംബ പരിശീലനം നൽകുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യം വയ്ക്കുന്നത്. വിവിധ സ്കൂളുകളിലെ മുന്നൂറിൽപ്പരം വിദ്യാർഥികളും അധ്യാപകരും പരിപാടിയിൽ പങ്കെടുത്തു. യു. പ്രതിഭ എം.എൽ.എ. കുട്ടികളോടൊപ്പം സൂംബ പരിശീലനത്തിൽ പങ്കാളിയായി. 'ഒപ്പം പ്രോജക്റ്റ്' കോർഡിനേറ്റർമാരും പരിപാടിയിൽ പങ്കെടുത്തു.

# കായംകുളം ജലോത്സവം

യു. പ്രതിഭ,
കായംകുളം.



ചാമ്പ്യൻസ് ബോട്ട് ലീഗ് 2025ന്റെ ഭാഗമായുള്ള കായംകുളം ജലോത്സവം 2025 നവംബർ 22ന് കായംകുളം കായലിൽ നടന്നു. 2017ലെ പുൽവാമ ഏറ്റുമുട്ടലിൽ ഗുരുതരമായി പരിക്കേറ്റ് 'ഇന്ത്യയിലെ ഏറ്റവും നിർഭയനായ മനുഷ്യൻ' എന്ന ഖ്യാതിക്ക് അർഹനായ ലഫ്റ്റനന്റ് കേണൽ ഋഷി രാജലക്ഷ്മി പരിപാടി ഉദ്ഘാടനം ചെയ്തു. നെഹ്റു ട്രോഫി ജലോത്സവത്തിൽ പങ്കെടുത്ത് പ്രഥമ ശ്രേണിയിലെത്തിയ ഒമ്പത് ചുണ്ടൻ വള്ളങ്ങൾ മൂന്ന് ഹീറ്റ്സുകളിലായി മത്സരിച്ച ജലോത്സവത്തിൽ കൈനകരി വില്ലേജ് ബോട്ട് ക്ലബ്ബിന്റെ വിയപുരം ചുണ്ടൻ വിജയിയായി.




## ലോക കേരള സഭ – അഞ്ചാമത് സമ്മേളനം

ലോകമെമ്പാടുമുള്ള പ്രവാസി കേരളീയരുടെ പൊതുവേദിയായ ലോക കേരള സഭയുടെ അഞ്ചാമത് സമ്മേളനം 2026 ജനുവരി 29, 30, 31 തീയതികളിൽ നടന്നു. നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി ലോഞ്ചിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ലോക കേരള സഭ ചെയർപേഴ്സൺ കൂടിയായ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ അധ്യക്ഷത വഹിച്ചു. സമ്മേളനത്തിൽ പ്രവാസികൾ ഉൾപ്പെടെ 500 വ്യക്തികൾ പങ്കെടുത്തു.

സഭാ സമ്മേളന വാർത്ത

# പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം



പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ 2026 ജനുവരി 20 ന് ആരംഭിച്ചു. ജനുവരി 21 ന്, സഭാംഗമായിരുന്ന കാനത്തിൽ ജമീലയ്ക്ക് സഭ ചരമോപചാരം അർപ്പിച്ചു. 2026 ജനുവരി 29 ന് ധനകാര്യ വകുപ്പുമന്ത്രി 2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ അന്തിമ സ്റ്റേറ്റ്മെന്റും 2026-2027 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റും സഭയിൽ സമർപ്പിച്ചു. കലണ്ടർ പ്രകാരം ജനുവരി 30 മുതൽ ഫെബ്രുവരി ഒന്നുവരെയും ഫെബ്രുവരി 6 മുതൽ 22 വരെയും സഭ ചേരുന്നതല്ല. പതിനാറാം സമ്മേളനത്തിൽ ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കും ബജറ്റിന്മേലുള്ള പൊതു ചർച്ചയ്ക്കുമായി മൂന്നു വീതം ദിവസങ്ങൾ നീക്കിവച്ചിട്ടുണ്ട്. 2026-2027 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ധനാഭ്യർഥനകളുടെ ചർച്ചയ്ക്കും വോട്ടെടുപ്പിനുമായി പതിമൂന്ന് ദിവസമാണ് നീക്കിവച്ചിട്ടുള്ളത്. രണ്ട് ഘട്ടങ്ങളിലായി നടക്കുന്ന പതിനാറാം സമ്മേളനത്തിൽ മുപ്പത്തിയൊന്ന് ദിവസങ്ങളാണ് സഭ ചേരാൻ നിശ്ചയിച്ചിട്ടുള്ളത്.

പാർലമെന്റ് സമ്മേളന വാർത്ത

# പാർലമെന്റിന്റെ ശീതകാല സമ്മേളനം

2025 ഡിസംബർ 1 ന് ആരംഭിച്ച പാർലമെന്റിന്റെ ശീതകാല സമ്മേളനം ഡിസംബർ 19 ന് അവസാനിച്ചു. ആകെ പത്തൊൻപത് ദിവസങ്ങളിലായി പതിനഞ്ച് സിറ്റിംഗുകളുണ്ടായിരുന്ന സമ്മേളനം പതിനെട്ടാം ലോക്സഭയുടെ കാലയളവിലെ ഏറ്റവും ദൈർഘ്യം കുറഞ്ഞ സമ്മേളനമായിരുന്നു. ലോക്സഭ പത്തു ബില്ലുകൾ പരിഗണിക്കുകയും എട്ടു ബില്ലുകൾ പാസാക്കുകയും ചെയ്തു. രാജ്യസഭ എട്ടു ബില്ലുകളാണ് പാസാക്കിയത്. The Manipur Goods and Services Tax (Second Amendment) Bill, 2025, The Health Security Se National Security Cess Bill, 2025, The Sustainable Harnessing and Advancement of Nuclear Energy for Transforming India Bill, 2025 എന്നിവ ഉൾപ്പെടെ എട്ടു ബില്ലുകളാണ് പാർലമെന്റിന്റെ ഇരു സഭകളും പാസാക്കിയത്.



ദേശീയഗീതമായ 'വന്ദേമാതര'ത്തിന്റെ നൂറ്റമ്പതാം വാർഷികത്തോടനുബന്ധിച്ച് ലോക്സഭയിലും രാജ്യസഭയിലും പ്രത്യേക ചർച്ച നടന്നു. കൂടാതെ, തിരഞ്ഞെടുപ്പ് പരിഷ്കരണത്തെക്കുറിച്ചും ഇരുസഭകളും ചർച്ച ചെയ്തു.

# സിവിൽ ജഡ്ജ് ട്രെയിനികളുടെ നിയമസഭാ സന്ദർശനം

കേരള ജുഡീഷ്യൽ അക്കാദമിയിൽ ഇൻഡക്ഷൻ ട്രെയിനിംഗിലുള്ള 2025–26 ബാച്ചിലെ സിവിൽ ജഡ്ജ് (ജൂനിയർ ഡിവിഷൻ) ട്രെയിനികളും ഉദ്യോഗസ്ഥരും 2025 ഡിസംബർ 1 ന് കേരള നിയമസഭ സന്ദർശിച്ചു. നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ, ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ എന്നിവരുമായി സംഘം കൂടിക്കാഴ്ച നടത്തി.



## ജീവനക്കാർക്ക് പരിശീലന പരിപാടി

കെ-ലാംപ്സ് (പി.എസ്) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ റിപ്പോർട്ടർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് വിഭാഗം ജീവനക്കാർക്കായി പൊതുവായ സർവീസ് ചട്ടങ്ങൾ എന്ന വിഷയത്തിൽ പഠന ക്ലാസ് സംഘടിപ്പിച്ചു. 2025 ഡിസംബർ 5,6 തീയതികളിലായി നിയമസഭാ സമുച്ചയത്തിലെ പാർലമെന്ററി പാഠശാലയിൽ സംഘടിപ്പിച്ച പരിപാടിയിൽ പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയും ഐ.എം.ജി. യിലെ അസോസിയേറ്റ് ഫെലോയുമായ ഷുജ ആർ. ക്ലാസ് നയിച്ചു. സർക്കാർ ഉദ്യോഗസ്ഥർ ഉദ്യോഗസ്ഥതലത്തിലും ഇതരമേഖലകളിലും പാലിക്കേണ്ട പെരുമാറ്റച്ചട്ടങ്ങൾ, അവ ലംഘിച്ചാലുണ്ടാകുന്ന അച്ചടക്ക നടപടികൾ, ഇവ പ്രയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, ഇത് സംബന്ധിച്ച കോടതി വിധികൾ എന്നിവ സംബന്ധിച്ച് പരിശീലക വിശദീകരിച്ചു. രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ച പരിപാടിയിൽ കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ പി. ഹരി, ഡയറക്ടർ ഷീന ശിവദാസ് എന്നിവർ സ്വാഗതം ആശംസിച്ചു.

## ജേർണലിസം വിദ്യാർഥികൾക്ക് ദ്വിദിന പരിശീലന പരിപാടി

കെ-ലാംപ്സ് (പി.എസ്) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പി.ജി. ജേർണലിസം വിദ്യാർഥികൾക്കായി 2025 നവംബർ 20, 21 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ പാർലമെന്ററി പാഠശാലയിൽ ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. നിയമസഭാ നടപടിക്രമങ്ങൾ, നിയമസഭാ നടപടികൾ റിപ്പോർട്ട് ചെയ്യുമ്പോൾ മാധ്യമങ്ങൾ പാലിക്കേണ്ട കാര്യങ്ങൾ, നിയമസഭയുടെ സവിശേഷാധികാരങ്ങളും മാധ്യമങ്ങളും എന്നീ വിഷയങ്ങളിൽ പൊതുവായ അറിവ് ലഭ്യമാക്കുന്നതിനായി സംഘടിപ്പിച്ച പരിശീലന പരിപാടി കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ പി. ഹരി ഉദ്ഘാടനം ചെയ്തു. നാല് സെഷനുകളിലായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു. നിയമസഭാ നടപടികളുടെ മാധ്യമ റിപ്പോർട്ടിംഗ് എന്ന വിഷയം പ്രമുഖ മാധ്യമ പ്രവർത്തകനും പരിശീലകനുമായ പി.എസ്. റംഷാദ് അവതരിപ്പിച്ചു. 'നമ്മുടെ നിയമസഭ – നിയമസഭ ചരിത്രവും നടപടിക്രമങ്ങളും ഒറ്റനോട്ടത്തിൽ' എന്ന ഡോക്യുമെന്ററിയുടെ പ്രദർശനവും പരിശീലന പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു.




## ഗവർണ്ണറുടെ ഔദ്യോഗിക വസതി – ലോക് ഭവൻ

കേരള ഗവർണ്ണറുടെ ഔദ്യോഗിക വസതിക്ക് 2025 ഡിസംബർ 1 മുതൽ ലോക് ഭവൻ എന്ന പേര് നൽകി ഗവർണ്ണറുടെ സെക്രട്ടേറിയറ്റ് 01.12.2025 ലെ KRB/2368/2025-GHO2 പ്രകാരം വിജ്ഞാപനമിറക്കി. രാജ്യത്തെ ഗവർണ്ണർമാരുടെ ഔദ്യോഗിക വസതികളുടെ 'രാജ് ഭവൻ' എന്ന പേര് 'ലോക് ഭവൻ' എന്നും ലഫ്റ്റനന്റ് ഗവർണ്ണർമാരുടെ ഔദ്യോഗിക വസതികളുടെ 'രാജ് നിവാസ്' എന്ന പേര് 'ലോക് നിവാസ്' എന്നും മാറ്റണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം 2025 നവംബർ 25 ന് വിജ്ഞാപനമിറക്കിയതിനെ തുടർന്നാണ് അപ്രകാരം പേരിൽ മാറ്റം വരുത്തിയത്. രാഷ്ട്രപതിയുടെ അധ്യക്ഷതയിൽ രാഷ്ട്രപതി ഭവനിൽ 2024 ൽ ചേർന്ന ഗവർണ്ണർമാരുടെ സമ്മേളനത്തിൽ അന്നത്തെ ബിഹാർ ഗവർണ്ണറും നിലവിലെ കേരള ഗവർണ്ണറുമായ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറാണ് 'ലോക് ഭവൻ' എന്ന ആശയം അവതരിപ്പിച്ചത്. 'രാജ് ഭവൻ' എന്നാൽ ഭരണാധികാരിയുടെ വസതിയെന്നും 'ലോക് ഭവൻ' എന്നാൽ ജനങ്ങളുടെ വസതിയെന്നുമാണ് അർഥം.

## തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് 2025

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2025 ഡിസംബറിൽ രണ്ടു ഘട്ടങ്ങളിലായി നടന്ന തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയായി ഭരണസമിതികൾ നിലവിൽ വന്നു. 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക്പഞ്ചായത്തുകൾ, 14 ജില്ലാപഞ്ചായത്തുകൾ, 86 മുനിസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടുന്ന 1199 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 23573 വാർഡുകളിലേക്ക് നടന്ന വോട്ടെടുപ്പിൽ 75644 സ്ഥാനാർഥികളാണ് ജനവിധി തേടിയത്. ആദ്യ ഘട്ടത്തിൽ 70.91 ശതമാനവും രണ്ടാം ഘട്ടത്തിൽ 76.08 ശതമാനവും ആയിരുന്നു പോളിങ്. സംസ്ഥാനത്തെ 244 കേന്ദ്രങ്ങളിലും 14 ജില്ലാ കേന്ദ്രങ്ങളിലുമായാണ് വോട്ടെണ്ണൽ നടന്നത്. സ്ഥാനാർഥികളുടെ നിര്യാണത്തെത്തുടർന്ന് മൂന്ന് മണ്ഡലങ്ങളിലെ മാറ്റിവച്ച വോട്ടെടുപ്പ് 2026 ജനുവരി 12 നും വോട്ടെണ്ണൽ 13 നും നടന്നു.

## വി. ജോയി ഹർജികൾ സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സൺ



പതിനഞ്ചാം കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണായി വി. ജോയി എം.എൽ.എ. യെ സ്പീക്കർ നാമനിർദ്ദേശം ചെയ്തു. ചെയർപേഴ്സൺ സ്ഥാനം വഹിച്ചിരുന്ന ആന്റണി രാജു എം.എൽ.എ. നിയമസഭാംഗത്വത്തിൽ നിന്ന് അയോഗ്യനാക്കപ്പെട്ട സാഹചര്യത്തിലാണ് സമിതിയംഗമായ വി. ജോയിയുടെ നിയമനം.

## ആന്റണി രാജുവിന് നിയമസഭാംഗത്വം നഷ്ടമായി



പതിനഞ്ചാം കേരള നിയമസഭയിലെ അംഗമായിരുന്ന ആന്റണി രാജുവിന്, നെടുമങ്ങാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോർട്ട്-1 CC 811/2024 നമ്പർ ക്രിമിനൽ കേസിൽ മൂന്ന് വർഷം തടവിന് ശിക്ഷിക്കപ്പെട്ടതിനെ തുടർന്ന് നിയമസഭയിലെ അംഗത്വം നഷ്ടമായി. ശിക്ഷാ കാലാവധിക്ക് ശേഷവും അദ്ദേഹത്തിന് അടുത്ത ആറ് വർഷക്കാലം തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിയില്ല. 1951 ലെ ജനപ്രാതിനിധ്യ നിയമത്തിന്റെ വകുപ്പ് 8(3)ന്റെയും ബന്ധപ്പെട്ട സുപ്രീം കോടതി വിധികളുടെയും അടിസ്ഥാനത്തിൽ ആന്റണി രാജു നിയമസഭാംഗമായിരിക്കാൻ അയോഗ്യനായതിനാൽ പതിനഞ്ചാം കേരള നിയമസഭയിൽ അദ്ദേഹം പ്രതിനിധാനം ചെയ്തിരുന്ന തിരുവനന്തപുരം നിയമസഭാ സീറ്റ് 2026 ജനുവരി 3 മുതൽ ഒഴിവുവന്നതായി നിയമസഭാ സെക്രട്ടേറിയറ്റ് വിജ്ഞാപനമിറക്കി.

# കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം– നാലാം പതിപ്പ്



സംസ്ഥാനത്ത് ഉടനീളം ആവേശകരമായ ചർച്ചാ വിഷയമാകുകയും തലസ്ഥാന നഗരിയെ സാഹിത്യ സർഗോത്സവ വേദിയാക്കി മാറ്റുകയും ചെയ്ത കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ് 2026 ജനുവരി 7 മുതൽ 13 വരെ നിയമസഭാ സമുച്ചയത്തിൽ സംഘടിപ്പിച്ചു. പുസ്തകോത്സവത്തിന്റെ നാലാം പതിപ്പിന്റെ ഉദ്ഘാടനം 2026 ജനുവരി 7 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നിർവഹിച്ചു. നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ അധ്യക്ഷനായിരുന്ന ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്വാഗതം ആശംസിച്ചു. സാംബിയൻ എം.പി.യും കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ ചെയർപേഴ്സണുമായ ഡോ. ക്രിസ്റ്റഫർ കെ. കലില, 2025 ലെ അന്താരാഷ്ട്ര ബുക്കർ പുരസ്കാര ജേതാവ് ബാനു മുഷ്താഖ് എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. ചടങ്ങിൽ കലാ-സാഹിത്യ-സാംസ്കാരിക മേഖലകളിലെ സമഗ്ര സംഭാവനയ്ക്ക് കേരള നിയമസഭ ഏർപ്പെടുത്തിയ നിയമസഭാ പുരസ്കാരം എൻ.എസ്. മാധവന് മുഖ്യമന്ത്രി സമ്മാനിച്ചു. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, മന്ത്രിമാർ, ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, പ്രശസ്ത സാഹിത്യകാരൻ ടി. പത്മനാഭൻ, നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

നൂറ്റിയെഴുപത് പ്രസാധകർ പങ്കെടുത്ത പുസ്തകോത്സവത്തിന്റെ നാലാം പതിപ്പിൽ 282 പുസ്തക സ്റ്റാളുകളും 16 ഫുഡ് കോർട്ടുകളും സജ്ജീകരിച്ചിരുന്നു. ശ്രീനിവാസന്റെ സ്മരണയ്ക്കായി ഒരുക്കിയ 'ശ്രീനി കഥ പറയുമ്പോൾ' ഉൾപ്പെടെ ആറ് വേദികളിൽ വിവിധ സെഗ്മെന്റുകളിലായി നിരവധി സാഹിത്യ, സാംസ്കാരിക പരിപാടികളും 306 പുസ്തക പ്രകാശനങ്ങളും 71 പുസ്തക ചർച്ചകളും നടന്നു. വിദ്യാർഥികൾക്കായി പ്രത്യേകം സജ്ജീകരിച്ച സ്റ്റുഡന്റ്സ് കോർണർ കൂടാതെ വിദ്യാർഥികളെ പങ്കെടുപ്പിച്ചുകൊണ്ട് പഴയ അസംബ്ലി മന്ദിരത്തിൽ മാതൃകാ നിയമസഭ സംഘടിപ്പിക്കുകയും സിറ്റി റൈഡ് സംവിധാനമൊരുക്കുകയും ചെയ്തു. മേളയുടെ ഭാഗമായി വിവിധ ഓൺലൈൻ മത്സരങ്ങളും ക്വിസ് മത്സരവും സംഘടിപ്പിച്ചിരുന്നു. അഞ്ച് ദിവസങ്ങളിൽ സഭാങ്കണത്തിൽ തെയ്യം അരങ്ങേറി. വിവിധ മാധ്യമ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഓരോ ദിവസവും മെഗാഷോയും സംഘടിപ്പിച്ചിരുന്നു.

ജനുവരി 13 ന് നടന്ന സമാപന സമ്മേളനം കേരളാ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്തു. നിയമസഭ പ്രസിദ്ധീകരിച്ച ഭരണഘടനാ നിർമ്മാണ സഭയിലെ ചർച്ചകളുടെ മലയാള പരിഭാഷയുടെ രണ്ടും മൂന്നും വാല്യങ്ങൾ പ്രകാശനം ചെയ്ത ചടങ്ങിൽ നിയമസഭയുടെ മാധ്യമ അവാർഡുകളും ഗവർണ്ണർ വിതരണം ചെയ്തു. നിയമസഭാ സ്പീക്കർ അധ്യക്ഷനായ ചടങ്ങിൽ മൗറീഷ്യസ് മുൻ പ്രസിഡന്റും ബയോഡൈവേഴ്സിറ്റി സയന്റിസ്റ്റുമായ ഡോ. അമീന ഗുരിബ്-ഫകിം, മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, ഡെപ്യൂട്ടി സ്പീക്കർ, എം.എൽ.എ. മാരായ രമേശ് ചെന്നിത്തല, വി.കെ. പ്രശാന്ത്, തിരുവനന്തപുരം കോർപ്പറേഷൻ മേയർ വി. വി. രാജേഷ് എന്നിവർ സംസാരിച്ചു. നിയമസഭാ സെക്രട്ടറി കൃതജ്ഞത രേഖപ്പെടുത്തി.

# KLIBF
Fourth Edition Day 1
07.01.2026



നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ പുസ്തക സ്റ്റാളുകളുടെ ഉദ്ഘാടനം നിർവഹിക്കുന്നു.




'നേതാക്കൾ സാഹിത്യം വായിക്കുമ്പോൾ' എന്ന വിഷയവുമായി ബന്ധപ്പെട്ട പാനൽ ചർച്ചയിൽ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ

മുഖ്യമന്ത്രി പിണറായി വിജയൻ എൻ. എസ്. മാധവന് നിയമസഭാ അവാർഡ് സമ്മാനിക്കുന്നു





KLIBF TALK
ഡോ. ക്രിസ്റ്റഫർ കെ. കലില-
'We the people of India'



ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്റ്റുഡന്റ്സ് കോർണറിന്റെ ഉദ്ഘാടനം നിർവഹിക്കുന്നു.

ഏഷ്യാനെറ്റ് മെഗാ ഷോ –ചൈത്ര വസന്തം





ഗതാഗത വകുപ്പുമന്ത്രി കെ.ബി. ഗണേഷ് കുമാർ കെ.എസ്.ആർ.ടി.സി. സിറ്റി റൈഡ് ഉദ്ഘാടനം ചെയ്യുന്നു.

KLIBF
Fourth Edition Day 2
08.01.2026



'പി.ജെ. ജോസഫും കേരളത്തിലെ വിദ്യാഭ്യാസ വിപ്ലവവും' -
എന്ന പുസ്തകം സ്പീക്കർ എ.എൻ. ഷംസീർ പ്രകാശനം ചെയ്യുന്നു.



പൂക്കുട്ടിച്ചാത്തൻ തിറ



KLIBF Dialogue - വാക്കാൽ താണ്ടിയ ദൂരങ്ങൾ
ഡോ. ശശി തരൂർ എം.പി.



സ്കൂൾ തലത്തിലെ ക്വിസ് മത്സരം

ജനം ടി.വി. മെഗാ ഷോ – മ്യൂസിക് ഇന്ത്യ



ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ
ഹാളിൽ സംഘടിപ്പിച്ച മാതൃകാ നിയമസഭ



## KLIBF
Fourth Edition Day 3
09.01.2026


സ്കൂൾ വിദ്യാർഥികളുടെ കലാപരിപാടികൾ



പാനൽ ചർച്ച – രാഷ്ട്രീയത്തിലെ ചിരി

കൈരളി ടി.വി. – മെഗാ ഷോ – ഊണം




പടവീരൻ തെയ്യം


KLIBF Talk - തസ്ലീമ നസ്രീൻ


അമൃത ടി.വി. മെഗാ ഷോ – താരസഭ




'കെ.എം. മാണിയുടെ ബജറ്റ് പ്രസംഗങ്ങൾ'പുസ്തകപ്രകാശനം



കുട്ടിച്ചാത്തൻ തിറ

# KLIBF

Fourth Edition Day 4
10.01.2026



KLIBF Dialogue
ചൂളാനന്ദ സമരനായകെ



എം. വി. ഗോവിന്ദൻ മാസ്റ്റർ : ഒരു കമ്മ്യൂണിസ്റ്റിന്റെ ജീവിതഗാഥ




എം.എ. ബേബി : കഥ, കഥാപാത്രം, കഥാകൃത്ത്



മലയാള മനോരമ മെഗാ ഷോ –ഇൻസോമ്നിയ



കേരള കൗമുദി മെഗാ ഷോ




'എന്റെ നിയമസഭാ ജീവിതം' സ്പീക്കർ എ.എൻ. ഷംസീർ



കവിതയും കാലവും– പ്രൊഫ. വി. മധുസൂദനൻ നായർ



സ്മൃതി– വയലാർ ശരത്ചന്ദ്രവർമ്മ



അഗ്നി കണ്ഠാകർണ്ണൻ തെയ്യം

KLIBF
Fourth Edition Day 5
11.01.2026




മാധ്യമം മെഗാ ഷോ – Tunes of Happiness

നിയമസഭാ സാമാജികരും ജീവനക്കാരും കലാപരിപാടികൾ അവതരിപ്പിക്കുന്നു.






KLIBF Dialogue - വായനയുടെ രാഷ്ട്രീയം
രാഷ്ട്രീയത്തിന്റെ വായന – ബിനോയ് വിശ്വം



നാടകം – വായനാദിനം

## KLIBF
Fourth Edition Day 6
12.01.2026



KLIBF Dialogue
രാഷ്ട്രീയം, സംസ്കാരം, ഫാസിസം – കെ.സി. വേണുഗോപാൽ




പാനൽ ചർച്ച – കേരളവും ലോകവും അതിരുകൾക്കപ്പുറം –
കേരളത്തിന്റെ ആഗോള ഇടപെടലുകൾ

മെന്റലിസ്റ്റ് അനന്തു



ജീവൻ ടി.വി. മെഗാ ഷോ – ഇവിടെ പാട്ടിന് സുഗന്ധം





സമാപന സമ്മേളനം




‘സന്മനസ്സുള്ള ശ്രീനി’ ശ്രീനിവാസൻ അനുസ്മരണം



സ്റ്റുഡന്റ്സ് കോർണർ ഇന്ററാക്ടീവ് സെഷനിൽ
കെ.പി. ശശികുമാർ




KLIBF Dialogue മൗറീഷ്യസ് മുൻ പ്രസിഡന്റും
ശാസ്ത്രജ്ഞയുമായ അമീന ഗുരിബ് ഫകിം



നിയമസഭാ മാധ്യമ അവാർഡ് വിതരണം

# KLIBF
## Fourth Edition Day 7
## 13.01.2026




‘ഔദ്യോഗിക തിരക്കുകൾക്കിടയിലും തൂലിക മറക്കാതെ’
പാനൽ ചർച്ചയിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ എഴുത്തുകാർ

ന്യൂസ് മലയാളം മെഗാ ഷോ – ശരത്കാലം



റിപ്പോർട്ടർ മെഗാ ഷോ



# പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പഠനയാത്ര




കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2023-26) സമിതി ചെയർപേഴ്സൺ ഇ.കെ. വിജയൻ എം.എൽ.എ. യുടെ നേതൃത്വത്തിൽ 2026 ജനുവരി 5, 6 തീയതികളിൽ ആന്ധ്രാപ്രദേശ് ശ്രീഹരിക്കോട്ട യിലെ സതീഷ് ധവാൻ സ്പെയ്സ് സെന്റർ സന്ദർശിച്ചു. പരിസ്ഥിതിക്കും ജൈവ സമ്പത്തിനും കോട്ടം തട്ടാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ സംഘടിപ്പിച്ച പഠന യാത്രയിൽ സമിതിയംഗങ്ങളായ പി.കെ. ബഷീർ, കെ.ഡി. പ്രസേനൻ, ജോബ് മൈക്കിൾ, ടി.ഐ. മധുസൂദനൻ, സജീവ് ജോസഫ് എന്നീ സാമാജികരും പങ്കെടുത്തു. ജനുവരി 6 ന് സതീഷ് ധവാൻ സ്പെയ്സ് സെന്ററിലെ നക്ഷത്ര ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ സമിതി ചെയർപേഴ്സന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്പെയ്സ് സെന്റർ ഡയറക്ടർ പത്മകുമാർ സമിതിയംഗങ്ങളെയും ഉദ്യോഗസ്ഥരെയും സ്വാഗതം ചെയ്തു. തുടർന്ന് സന്ദർശക സംഘം പുലിക്കോട്ട് തടാകം, റോക്കറ്റ് അസംബ്ലി ബിൽഡിംഗ്, റോക്കറ്റ് ലോഞ്ചിംഗ് സെന്റർ, കൺട്രോൾ റൂം, ബീച്ച് എന്നിവിടങ്ങളിലെ പരിസ്ഥിതി സൗഹൃദ നിർമ്മാണരീതികൾ നേരിൽ കണ്ട് മനസ്സിലാക്കി.

# ഹരിയാന നിയമസഭാ പബ്ലിക് ഹെൽത്ത് കമ്മിറ്റി



ഹരിയാന നിയമസഭയിലെ കമ്മിറ്റി ഓൺ പബ്ലിക് ഹെൽത്ത്, ഇറിഗേഷൻ പവർ ആൻഡ് പബ്ലിക് വർക്ക്സ് (ബിൽഡിംഗ് ആൻഡ് റോഡ്സ്) കമ്മിറ്റിയുടെ കേരള പഠന പര്യടന പരിപാടിയുടെ ഭാഗമായി ചെയർമാനും ഡെപ്യൂട്ടി സ്പീക്കറുമായ കൃഷൻ ലാൽ മിഥയും സമിതി യംഗങ്ങളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന പതിനഞ്ചംഗ സംഘം 2026 ജനുവരി 12 ന് കേരള നിയമസഭ സന്ദർശിച്ചു. സ്പീക്കർ എ.എൻ. ഷംസീർ, നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ എന്നിവരുമായി കൂടിക്കാഴ്ച നടത്തിയ സംഘം നിയമസഭാ ഹാൾ, മെമ്പേഴ്സ് ലോഞ്ച്, നിയമസഭാ മ്യൂസിയം എന്നിവ സന്ദർശിക്കുകയും ചെയ്തു.

# ത്രിപുര നിയമസഭാ പട്ടികവർഗ സമിതി




ത്രിപുര നിയമസഭാ പട്ടികവർഗ സമിതിയുടെ കേരള പഠന പര്യടന പരിപാടിയുടെ ഭാഗമായി ചെയർമാൻ പ്രമോദ് റീയനാഗ് എം.എൽ.എ. യും സമിതിയംഗങ്ങളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഒമ്പതംഗ സംഘം 2025 നവംബർ 29 ന് കേരള നിയമസഭ സന്ദർശിച്ചു. നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാറിന്റെ സാന്നിദ്ധ്യത്തിൽ നിയമസഭയുടെ പട്ടികജാതി പട്ടികവർഗ ക്ഷേമം സംബന്ധിച്ച സമിതിയുമായി സംയുക്തയോഗം ചേരുകയും നിയമസഭാഹാൾ, മെമ്പേഴ്സ് ലോഞ്ച്, നിയമസഭാ മ്യൂസിയം എന്നിവ സന്ദർശിക്കുകയും ചെയ്തു.

# ഒഡീഷ ഡിപ്പാർട്ട്മെന്റലി റിലേറ്റഡ് സ്റ്റാൻഡിംഗ് കമ്മിറ്റി



ഒഡീഷ നിയമസഭ ഡിപ്പാർട്ട്മെന്റലി റിലേറ്റഡ് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കേരള പഠന പര്യടന പരിപാടിയുടെ ഭാഗമായി ചെയർമാൻ പൂർണ്ണ ചന്ദ്ര സേത്തി എം.എൽ.എ.യും സമിതി യംഗങ്ങളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന പതിനഞ്ചംഗ സംഘം 2026 ജനുവരി 19 ന് കേരള നിയമസഭ സന്ദർശിച്ചു. നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാറുമായി കൂടിക്കാഴ്ച നടത്തിയ സംഘം നിയമസഭാ ഹാൾ, മെമ്പേഴ്സ് ലോഞ്ച് എന്നിവ സന്ദർശിക്കുകയും ചെയ്തു.

# മിസോറാം നിയമസഭാ പെറ്റീഷൻ കമ്മിറ്റി




മിസോറാം നിയമസഭയിലെ പെറ്റീഷൻ കമ്മിറ്റിയുടെ കേരള പഠന പര്യടന പരി പാടിയുടെ ഭാഗമായി  ചെയർമാൻ ലാൽഹി ലുംബിയ എം.എൽ.എ.യും സമിതിയംഗങ്ങളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഏഴംഗ സംഘം 2025 ഡിസംബർ 12 ന് കേരള നിയമസഭ സന്ദർശിച്ചു. നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാറിന്റെ സാന്നിദ്ധ്യത്തിൽ നിയമ സഭയുടെ ഹർജികൾ സംബന്ധിച്ച സമിതിയു മായി സംയുക്തയോഗം ചേർന്ന സന്ദർശക സംഘം നിയമസഭാഹാൾ, മെമ്പേഴ്സ് ലോഞ്ച്, നിയമസഭാ മ്യൂസിയം എന്നിവ സന്ദർശിച്ചു.




# ഹരിയാന നിയമസഭാ സ്പീക്കറുടെ കേരള നിയമസഭാ സന്ദർശനം

ഹരിയാന നിയമസഭാ സ്പീക്കർ ഹർവിന്ദർ കല്യാൺ 2026 ജനുവരി 6 ന് കേരള നിയമസഭ സന്ദർശിച്ച് സ്പീക്കർ എ.എൻ. ഷംസീറുമായി കൂടിക്കാഴ്ച്ച നടത്തി. സ്പീക്കറുടെ കുടുംബവും ഉദ്യോഗസ്ഥരുമടങ്ങുന്ന സന്ദർശക സംഘം സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ, സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ എന്നിവരുമായും നിയമസഭാ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരുമായും കൂടിക്കാഴ്ച നടത്തുകയും സഭാ ഹാൾ, മെമ്പേഴ്സ് ലോഞ്ച്, നിയമസഭാ മ്യൂസിയം എന്നിവ സന്ദർശിക്കുകയും ചെയ്തു.



**രക്തസാക്ഷി ദിനാചരണത്തിന്റെ ഭാഗമായി 2026 ജനുവരി 30 ന് നിയമസഭാ സമുച്ചയത്തിലെ മഹാത്മാ ഗാന്ധിയുടെ പ്രതിമയിൽ സ്പീക്കർ എ.എൻ. ഷംസീർ പുഷ്പാർച്ചന നടത്തുന്നു.**

## വി. കെ. ഇബ്രാഹിം കുഞ്ഞ്



മുൻ മന്ത്രിയും ഐ.യു.എം.എൽ. സംസ്ഥാന വൈസ് പ്രസിഡന്റുമായ വി.കെ. ഇബ്രാഹിം കുഞ്ഞ് (74) 2026 ജനുവരി 6 ന് അന്തരിച്ചു. പതിനൊന്ന് മുതൽ പതിനാലുവരെ കേരള നിയമസഭകളിൽ അംഗമായിരുന്ന അദ്ദേഹം മട്ടാഞ്ചേരി, കളമശ്ശേരി മണ്ഡലങ്ങളെ രണ്ടുതവണ വീതം പ്രതിനിധീകരിച്ചിട്ടുണ്ട്. വി.യു. ഖാദറിന്റെയും ചിത്തുമ്മയുടെയും മകനായി ആലുവയിൽ ജനിച്ച വി.കെ. ഇബ്രാഹിംകുഞ്ഞ് എം.എസ്.എഫിലൂടെയും മുസ്‌ലിം യൂത്ത് ലീഗിലൂടെയുമാണ് രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. സംസ്ഥാന വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി (06.01.2005–12.05.2006) യുടെയും പൊതുമരാമത്ത് വകുപ്പുമന്ത്രി (23.05.2011–20.05.2016) യുടെയും ചുമതല വഹിച്ചിട്ടുണ്ട്. കേരള നിയമസഭയുടെ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2016–19) ചെയർമാനായിരുന്നു. ഐ.യു.എം.എൽ. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം, ദേശീയ ഉന്നതാധികാര സമിതി അംഗം, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, എടത്തല സി.എച്ച്. മുഹമ്മദ് കോയ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി എന്നിവയുടെ ചെയർമാൻ, ജി.സി.ഡി.എ. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, 'ഈയുഗം' ദിനപത്രത്തിന്റെ എഡിറ്റർ തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. ഭാര്യ: നദീറ. മൂന്ന് മക്കൾ.

## തോമസ് കുതിരവട്ടം



മുൻ രാജ്യസഭാംഗവും കേരള കോൺഗ്രസ് നേതാവുമായ തോമസ് കുതിരവട്ടം (80) 2026 ജനുവരി 12 ന് അന്തരിച്ചു. 1985–91 കാലഘട്ടത്തിൽ കേരള കോൺഗ്രസ് (എം) പ്രതിനിധിയായി കേരളത്തിൽ നിന്നുള്ള രാജ്യസഭാംഗമായിരുന്നു. തോമസ് വർഗീസിന്റെയും അന്നമ്മ വർഗീസിന്റെയും മകനായി ജനിച്ച തോമസ്, കെ.എസ്.യുവിലൂടെ വിദ്യാർഥി രാഷ്ട്രീയത്തിൽ സജീവമാകുകയും തുടർന്ന് യൂത്ത്ഫ്രണ്ടിലൂടെ കേരള കോൺഗ്രസിന്റെ സജീവ പ്രവർത്തകനാകുകയും ചെയ്തു. ബോഫോഴ്സ് ഇടപാടിനെക്കുറിച്ച് അന്വേഷിച്ച സംയുക്ത പാർലമെന്ററി കമ്മിറ്റി അംഗമായിരുന്ന അദ്ദേഹം 2010 മുതൽ ജീവകാരുണ്യ പ്രവർത്തന രംഗത്ത് സജീവമായി. മലങ്കര ഓർത്തഡോക്സ് സഭ മാനേജിംഗ് കമ്മിറ്റി അംഗം, അവിഭക്ത കേരള കോൺഗ്രസിന്റെ വർക്കിംഗ് ചെയർമാൻ, ജനറൽ സെക്രട്ടറി, കെ.എസ്.സി. സംസ്ഥാന പ്രസിഡന്റ്, സെക്രട്ടറി എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. ഭാര്യ : ലിസി തോമസ്. നാല് മക്കൾ.

## പി.എം. മാത്യു



മുൻ നിയമസഭാംഗവും കേരള കോൺഗ്രസ് നേതാവും എക്സ് എം.എൽ.എ. ഫോറം വർക്കിംഗ് ചെയർമാനുമായ പി.എം. മാത്യു (75) 2025 ഡിസംബർ 30 ന് അന്തരിച്ചു. ഒമ്പതാം കേരള നിയമസഭയിൽ കേരള കോൺഗ്രസ് (എം) അംഗമായി കടുത്തുരുത്തി മണ്ഡലത്തെ പ്രതിനിധീകരിച്ചു. 1950 സെപ്റ്റംബർ 30 ന് പി.ജെ. മാത്യുവിന്റെയും ത്രേസ്യാമ്മ മാത്യുവിന്റെയും മകനായിട്ടാണ് അദ്ദേഹം ജനിച്ചത്. കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (1993–96) ചെയർമാനായിരുന്നു. ഒഡെപെക്, ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ് എന്നിവയുടെ ചെയർമാൻ, കെ.എസ്.എഫ്.ഇ. വൈസ് ചെയർമാൻ, കോ -ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ വൈസ് പ്രസിഡന്റ്, കേരള സർവകലാശാല സെനറ്റ്, സംസ്ഥാന മിനിമം വേജസ് അഡ്വൈസറി ബോർഡ്, സംസ്ഥാന വിദ്യാഭ്യാസ ഉപദേശക ബോർഡ് എന്നിവയിൽ അംഗം, കെ.എസ്.സി., കെ.വൈ.എഫ്. എന്നിവയുടെ പ്രസിഡന്റ്, കേരള കോൺഗ്രസ് (എം) ജനറൽ സെക്രട്ടറി, കെ.പി.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ : കുസുമം. മൂന്ന് മക്കൾ.



## കെ. കെ. നാരായണൻ

മുൻ നിയമസഭാംഗവും സി.പി.ഐ. (എം) നേതാവുമായിരുന്ന കെ.കെ. നാരായണൻ (77) 2025 ഡിസംബർ 30ന് അന്തരിച്ചു. പതിമൂന്നാം കേരള നിയമസഭയിൽ അംഗമായിരുന്ന അദ്ദേഹമാണ് ധർമ്മടം മണ്ഡലത്തെ ആദ്യമായി നിയമസഭയിൽ പ്രതിനിധീകരിച്ചത്. കണ്ണൻ വി.കെ. യുടെയും മാതുവിന്റെയും മകനായി 1948 ഫെബ്രുവരി 15 നാണ് കെ.കെ. നാരായണൻ ജനിച്ചത്. കണ്ണൂർ ജില്ലാ പഞ്ചായത്ത്, ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ പ്രസിഡന്റ്, സി.പി.ഐ.(എം) കണ്ണൂർ ജില്ലാ സെക്രട്ടേറിയറ്റ് അംഗം, മോട്ടോർ തൊഴിലാളി യൂണിയൻ (സി.ഐ.റ്റി.യു.) കണ്ണൂർ ജില്ലാ കമ്മിറ്റി പ്രസിഡന്റ്, എ.കെ.ജി സഹകരണ ആശുപത്രി പ്രസിഡന്റ്, കണ്ണൂർ വിസ്മയ അമ്യൂസ്മെന്റ് പാർക്ക് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: സുശീല. രണ്ട് മക്കൾ

## ശ്രീനിവാസൻ അരങ്ങൊഴിഞ്ഞു



മലയാള ചലച്ചിത്ര രംഗത്തെ പ്രഗത്ഭ തിരക്കഥാകൃത്തും സംവിധായകനും അഭിനേതാവുമായിരുന്ന ശ്രീനിവാസൻ (75) 2025 ഡിസംബർ 20 ന് അന്തരിച്ചു. 1950 മേയ് 2 ന് കണ്ണൂർ പാട്യത്ത് സ്കൂൾ അധ്യാപകനായ ഉണ്ണിയുടെയും ലക്ഷ്മിയുടെയും മകനായി ജനിച്ച അദ്ദേഹം, കൂത്തുപറമ്പ് മിഡിൽ സ്കൂൾ, കതിരൂർ ഗവ. ഹൈസ്കൂൾ എന്നിവിടങ്ങളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മട്ടന്നൂർ പഴശ്ശിരാജ എൻ.എസ്.എസ്. കോളേജിൽനിന്ന് സാമ്പത്തികശാസ്ത്രത്തിൽ ബിരുദവും മദ്രാസ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് അഭിനയത്തിൽ ഡിപ്ലോമയും നേടി. 1977 ൽ പി.എ. ബക്കർ സംവിധാനം ചെയ്ത 'മണിമുഴക്കം' എന്ന ചിത്രത്തിലാണ് ചലച്ചിത്ര നടനായി അരങ്ങേറ്റം കുറിച്ചത്. അരനൂറ്റാണ്ടോളമുള്ള ചലച്ചിത്ര ജീവിതത്തിനിടയിൽ ഇരുന്നൂറിലധികം ചിത്രങ്ങളിൽ അഭിനയിച്ചു. നടനായും തിരക്കഥാകൃത്തായും സംവിധായകനായും നിർമ്മാതാവായും തിളങ്ങി. മികച്ച കഥ (സന്ദേശം), മികച്ച തിരക്കഥ (മഴയെത്തും മുമ്പേ), മികച്ച ജനപ്രിയ ചിത്രം (ചിന്താവിഷ്ടയായ ശ്യാമള), മികച്ച ചിത്രം (വടക്കുനോക്കിയന്ത്രം), പ്രത്യേക ജൂറി പുരസ്കാരം (തകരച്ചെണ്ട) എന്നീ വിഭാഗങ്ങളിൽ സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. കൂടാതെ 1998 ൽ ചിന്താവിഷ്ടയായ ശ്യാമള എന്ന ചിത്രത്തിന്, സാമൂഹിക പ്രശ്നങ്ങൾ മുൻനിർത്തിയുള്ള മികച്ച ചിത്രത്തിനുള്ള ദേശീയ പുരസ്കാരവും ലഭിച്ചു.

വിമലയാണ് ഭാര്യ. സംവിധായകരും അഭിനേതാക്കളുമായ വിനീത് ശ്രീനിവാസൻ, ധ്യാൻ ശ്രീനിവാസൻ എന്നിവർ മക്കളാണ്.

## ശിവരാജ് പാട്ടീൽ വിടവാങ്ങി

മുൻ ലോക്സഭാ സ്പീക്കറും കേന്ദ്രമന്ത്രിയും പ്രമുഖ കോൺഗ്രസ് നേതാവുമായിരുന്ന ശിവരാജ് പാട്ടീൽ (90) 2025 ഡിസംബർ 12 ന് അന്തരിച്ചു. പഞ്ചാബ് ഗവർണ്ണറുടെയും ഛത്തീസ് ഗഢ് അഡ്മിനിസ്ട്രേറ്ററുടെയും പദവികൾ വഹിച്ചിട്ടുണ്ട്. 1935 ഒക്ടോബർ 12 ന് മഹാരാഷ്ട്രയിലെ ലാത്തൂരിൽ ജനിച്ച ശിവരാജ് പാട്ടീൽ ഹൈദരാബാദിലെ ഒസ്മാനിയ സർവകലാശാലയിൽ നിന്ന് ബിഎസ്സിയും ബോംബെ യൂണിവേഴ്സിറ്റിയിൽ നിന്ന് നിയമ ബിരുദവും നേടിയിട്ടുണ്ട്. ലാത്തൂർ മുനിസിപ്പൽ കൗൺസിൽ പ്രസിഡന്റായാണ് രാഷ്ട്രീയ ജീവിതം ആരംഭിച്ചത്. ലാത്തൂർ മണ്ഡലത്തിൽ നിന്ന് രണ്ടു തവണ (1972–80) മഹാരാഷ്ട്ര നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം സംസ്ഥാനമന്ത്രി, നിയമസഭാ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു. തുടർന്ന് ഏഴു മുതൽ പതിമൂന്ന് വരെയുള്ള (1980–2004) ലോക്സഭകളിൽ ലാത്തൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച ശിവരാജ് പാട്ടീൽ കേന്ദ്രമന്ത്രി (1980–89), ലോക്സഭാ സ്പീക്കർ (1991–2004), ഡെപ്യൂട്ടി സ്പീക്കർ (1990–91) തുടങ്ങിയ പദവികൾ വഹിച്ചു. രാജ്യസഭാംഗ (2004–10) മായിരിക്കേ ഒന്നാം മൻമോഹൻ സിംഗ് മന്ത്രിസഭയിൽ ആഭ്യന്തരമന്ത്രി (2004–08) യായി പ്രവർത്തിച്ചിട്ടുണ്ട്. ഒഡീസി ഓഫ് മൈ ലൈഫ് (ആത്മകഥ), റെമിനിസെൻസ് ആൻഡ് റിഫ്ളക്ഷൻസ്, എമേർജിംഗ് വിഷൻ ഓഫ് ഇന്ത്യ, എക്സ്റ്റസി ആൻഡ് ആഗണി ഓഫ് എ പ്രിസൈഡിംഗ് ഓഫീസർ, ഫ്രാഗ്രൻസ് ഓഫ് ഇന്നർസെൽഫ് തുടങ്ങിയവ അദ്ദേഹത്തിന്റെ രചനകളാണ്. വിജയ പാട്ടീലാണ് ഭാര്യ. രണ്ട് മക്കളുണ്ട്.



## അജിത് പവാർ വിമാനാപകടത്തിൽ അന്തരിച്ചു

മഹാരാഷ്ട്ര ഉപമുഖ്യമന്ത്രിയും എൻ.സി.പി. നേതാവുമായ അജിത് പവാർ (66) 2026 ജനുവരി 28ന് ബാരാമതിയിൽ വിമാനാപകടത്തിൽ അന്തരിച്ചു. മുതിർന്ന എൻ.സി.പി. നേതാവ് ശരദ്പവാറിന്റെ സഹോദരപുത്രനായ അദ്ദേഹം 1982 ൽ പൂനെയിലെ പഞ്ചസാര ഫാക്ടറി സഹകരണ ബോർഡ് അംഗമായാണ് പൊതുരംഗത്ത് പ്രവേശിച്ചത്. ബാരാമതി മണ്ഡലത്തിൽ നിന്ന് മഹാരാഷ്ട്ര നിയമസഭയിലേക്ക് എട്ടു തവണ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അദ്ദേഹം ഒരു തവണ ബാരാമതി മണ്ഡലത്തെ ലോക്സഭയിലും പ്രതിനിധീകരിച്ചു. പലതവണ സംസ്ഥാന മന്ത്രിസഭയിൽ അംഗമായിട്ടുണ്ട്. ആറു തവണ മഹാരാഷ്ട്രയുടെ ഉപമുഖ്യമന്ത്രി പദം അലങ്കരിച്ചിട്ടുള്ള അജിത് പവാർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാലം ഉപമുഖ്യമന്ത്രിയായ വ്യക്തിയാണ്. സംസ്ഥാനത്തിന്റെ ധനമന്ത്രി എന്ന നിലയിൽ നിരവധി ബജറ്റുകൾ അവതരിപ്പിച്ചിട്ടുള്ള അദ്ദേഹം മാജ്ഹി ലഡ്കി ബഹിൻ യോജന പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.



# ധനവിനിയോഗ പ്രവർത്തനങ്ങളിൽ ജാഗ്രത പുലർത്തണം : പ്രൊഫ. കെ. നാരായണക്കുറുപ്പ്

*നാലാം കേരള നിയമസഭയിൽ 1976 മാർച്ച് 10 ന് 1976 വർഷത്തെ ധനവിനിയോഗ ബിൽ അവതരണ വേളയിലെ ചർച്ചയിൽ പങ്കെടുത്ത് പ്രൊഫ. കെ. നാരായണക്കുറുപ്പ് നടത്തിയ പ്രസംഗത്തിൽ നിന്ന്.....*

'സർ, ഈ ബില്ലിനെ സംബന്ധിച്ച് ഒന്നു രണ്ടുകാര്യങ്ങൾ മാത്രമേ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ മുമ്പാകെ വയ്ക്കുവാൻ ആഗ്രഹിക്കുന്നുള്ളു. ആവശ്യമായ വികസന പ്രവർത്തനങ്ങൾക്ക് പണമില്ല എന്ന പരാതി എപ്പോഴും നാം കേൾക്കാറുണ്ട്. സർ, ചില ദുർവ്യയങ്ങൾ കുറയ്ക്കുകയാണെങ്കിലും, പിരിച്ചെടുക്കാവുന്ന തുക മുഴുവനും ശരിയായി പിരിച്ചെടുക്കുകയും ചെയ്യുമെങ്കിൽ വികസന പ്രവർത്തനങ്ങൾ ഭൂരിപക്ഷവും നടത്താനുള്ള തുക ലഭിക്കുമെന്നാണ് എന്റെ വിശ്വാസം. എൻ.ഇ.എസ്. ബ്ലോക്കുകൾ എന്ന ഒരു സാധനം ഈ രാജ്യത്ത് കുറെക്കാലമായി യാതൊരു ജോലിയും ചെയ്യാതെ പണം ധാരാളം ചെലവാക്കിക്കൊണ്ട് ഇരിപ്പുണ്ട്. എങ്ങനെയാണ് അതിന്റെ പ്രവർത്തനം എന്ന് പലപ്പോഴും ആലോചിച്ചിട്ട് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. കുറേ ഉദ്യോഗസ്ഥന്മാർ വണ്ടി കിട്ടാൻ വേണ്ടി ബസ് സ്റ്റോപ്പിൽ നിൽക്കുന്നതുപോലെ ആ ആഫീസിൽ ഇരിക്കുന്നുവെന്നല്ലാതെ അവർക്ക് ചെലവഴിക്കാനുള്ള 100 രൂപയോ, പദ്ധതിയോ ഒന്നും ഇല്ലാത്തതുകൊണ്ട് ഈ ഏർപ്പാട് ഒന്നു നിർത്തുകയാണെങ്കിൽ ആയിരക്കണക്കിന് രൂപ നമുക്ക് ലാഭിക്കുവാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. അതല്ലെങ്കിൽ അവർക്ക് എന്തെങ്കിലും ഒരു ചെറിയ ജോലി കൊടുത്ത് നമ്മൾ ചെലവാക്കുന്ന പണത്തിന് എന്തെങ്കിലും പ്രയോജനം ഉണ്ടാക്കി എന്നു ബോധ്യം വരുത്തണം.



സർ, മറ്റൊന്ന്, നമ്മൾ ഏതെങ്കിലും രീതിയിൽ പണം ഉണ്ടാക്കുമ്പോൾ അത് പിരിച്ചെടുക്കുന്നതിന് വേണ്ടി, നാം പിരിച്ചുണ്ടാക്കുന്ന തുകയുടെ അറുപത് എഴുപത് ശതമാനം ചെലവഴിക്കുന്നുണ്ട്. ഈ ചെലവുകൾ ഇല്ലാതാക്കുന്നതിന് ശ്രമിക്കുകയാണെങ്കിൽ നാം പിരിച്ചെടുക്കുന്ന തുക മുഴുവൻ നല്ല കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാനും കഴിയും. സർ, ഇവിടെ ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്നത് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റാണ്. ആ വകുപ്പിൽ നിന്ന് ഇന്ന് കിട്ടാവുന്ന തുക, പിരിച്ചെടുക്കാൻ ശ്രമിക്കേണ്ടതാണ്. പല പ്രത്യേക ചിന്താഗതിക്ക് അനുകൂലമായി പ്രവർത്തിച്ചതുകൊണ്ട്, ആ ഡിപ്പാർട്ടുമെന്റിൽ കൂടുതൽ കൂടുതൽ ചെലവഴിക്കുന്നതല്ലാതെ അതുമൂലം നമുക്ക് കിട്ടാവുന്ന തുക നാം പിരിച്ചെടുക്കുന്നില്ല. സർ, വൈദ്യസഹായത്തിനു പോലും പണം പിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസത്തിന് ഒരു നികുതി ഏർപ്പെടുത്തണമെന്ന് പലപ്പോഴും പറയാറുണ്ട്. സർ, വിദ്യാഭ്യാസ നികുതി ഏർപ്പെടുത്തി ആളുകളെ ബുദ്ധിമുട്ടിക്കുന്നതിൽ ഭേദം സൗമനസ്യത്തോടുകൂടി കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതിന് ഫീസ് കൊടുക്കാൻ തൽപ്പരരായ രക്ഷകർത്താക്കളിൽ നിന്ന് ഫീസ് ഈടാക്കുകയാണെങ്കിൽ, ഫീസ് പിരിവിന് ചെലവും ഇല്ല, പിരിക്കുന്ന തുക മുഴുവനും ഖജനാവിലേക്ക് വരികയും ചെയ്യും. അത് എന്തിന് നിറുത്തലാക്കിയെന്ന് ഇപ്പോൾ നിറുത്തലാക്കിയവർക്കുപോലും അറിയാൻ പാടില്ലാത്ത സ്ഥിതിയിലാണ്. അതുകൊണ്ട് അതേപ്പറ്റി പുനഃപരിശോധന ചെയ്യണമെന്നും ഈ കോളേജുകളിലെ ഫീസ് എങ്കിലും നിലനിർത്തുകയും ചെയ്യണമെന്നുമാണ് എന്റെ അഭിപ്രായം. അടുത്ത ബജറ്റിലെ

ങ്കിലും, ജനങ്ങളെ ദ്രോഹിക്കാതെ സൗമനസ്യത്തോടുകൂടി കൊടുക്കാൻ തയ്യാറുള്ള മേഖലകളിൽ നിന്ന് പിരിക്കാനുള്ള സാഹചര്യം കണ്ടെത്തണമെന്നാണ് എനിക്കു ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കാനുള്ളത്.

അതുപോലെതന്നെ സെയിൽസ് ടാക്സിൽ കൂടി നാം പണം സംഭരിക്കുമ്പോൾ ആവശ്യമില്ലാത്ത വൈഷമ്യങ്ങൾ ജനങ്ങൾക്ക് ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. ഹോട്ടലുടമകൾ, ചെറിയ ചെറിയ കച്ചവടക്കാർ ഇവർക്കെല്ലാം സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങൾ കൊണ്ട് വളരെയേറെ ശല്യം അനുഭവപ്പെടുന്നുണ്ട്. ഇന്ന് അവർക്ക് കിട്ടുന്ന തുകയേക്കാൾ മെച്ചപ്പെട്ട ഒരു തുക കൊടുക്കാൻ അവർ തയ്യാറാകും. പക്ഷേ അസസ്മെന്റും അസസ്മെന്റിന്റെ പിന്നീട് ഉള്ള പ്രവർത്തനങ്ങളും പണം എത്ര കുറച്ചു അടച്ചാലും ശരി, അതിനെക്കാൾ കൂടുതൽ ദുരിതം അനുഭവിക്കേണ്ടി വരുന്നു. 30 രൂപ പ്രതിദിനം വരുമാനമുള്ള കച്ചവടക്കാർ ഇന്ന് അവരുടെ പേര് രജിസ്റ്റർ ചെയ്യണമെന്നും കണക്കുകൾ സൂക്ഷിക്കണമെന്നും എല്ലാം നിർദ്ദേശിക്കുന്നുണ്ട്. അവരുടെ പേരിൽ ലൈസൻസ് ഏർപ്പെടുത്തി, 30 രൂപയോ, നാൽപ്പതു രൂപയോ സെസ് പിരിക്കുന്നതിന് അമ്പതു രൂപയോ, അതിനെക്കാൾ കൂടുതലോ കൊടുക്കാൻ അവർ തയ്യാറാണ്. അങ്ങനെയുള്ള ആളുകൾക്ക് ഒരു ലംപ്സം പേയ്മെന്റിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുത്ത്, പണം തരുന്ന ആളുകൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതെ ഗവൺമെന്റിന് കൂടുതൽ പണം കിട്ടാനുള്ള സാഹചര്യം ഉണ്ടാക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ രീതിയിൽ നമ്മുടെ ദുർവ്യയങ്ങൾ കഴിയുന്നതും ചുരുക്കുകയും പിരിച്ചെടുക്കാവുന്ന തുക, വളരെയേറെ വേതനം കൂടാതെ പിരിച്ചെടുക്കാവുന്ന സാഹചര്യം ഉണ്ടാക്കുകയും ചെയ്യണം. അങ്ങനെ നമ്മുടെ സാമ്പത്തിക സ്ഥിതി നന്നാക്കണമെന്നും, നന്നാക്കി നമ്മുടെ വികസന പ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും വേണ്ടി ചെലവഴിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

ദുരിതാശ്വാസ പ്രവർത്തനങ്ങളെപ്പറ്റി പറയുമ്പോൾ, മാസങ്ങളായി നമ്മുടെ രാജ്യത്ത് പെൻഷൻ ലഭിക്കുന്ന വിഭാഗങ്ങൾക്ക് തുക കൊടുക്കുന്നില്ലായെന്നാണ് എന്റെ വിശ്വാസം. അഗതികൾക്കും മറ്റും കുറേ മാസങ്ങളായി പണമില്ലാത്തതുകൊണ്ടായിരിക്കാം കൊടുക്കാത്തത്. കൂടുതൽ ചെലവഴിക്കാൻ ഗവൺമെന്റിന് കഴിയുകയില്ലെങ്കിലും ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക മാസന്തോറും കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്യണമെന്ന് ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയാണ്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.'

**പ്രൊഫ. കെ. നാരായണക്കുറുപ്പ്**
ഒൻപതാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായിരുന്ന (19.07.1991–14.05.1996) പ്രൊഫ. കെ. നാരായണക്കുറുപ്പ് 1977–79 കാലയളവിൽ നാലു തവണ ഗതാഗതവകുപ്പ് മന്ത്രിയായി പ്രവർത്തിച്ചിട്ടുണ്ട്. തിരു-കൊച്ചി നിയമസഭയിലും രണ്ട്, നാല്, അഞ്ച്, ഒമ്പത്, പത്ത്, പതിനൊന്ന് കേരള നിയമസഭകളിലും വാഴൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു. നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (1973–74, 1975–1976), ഹൗസ് കമ്മിറ്റി (1976–77) എന്നിവയുടെ ചെയർമാൻ, കേരള സർവകലാശാല സെനറ്റ് അംഗം, കറുകച്ചാൽ പഞ്ചായത്ത് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരള കോൺഗ്രസ് (എം) നേതാവായിരുന്ന അദ്ദേഹം അഭിഭാഷകനായും കോളേജ് അധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.





# എ.പി. കുര്യൻ : തൊഴിലാളി പ്രസ്ഥാനങ്ങളിൽ നിന്നുള്ള സഭാധ്യക്ഷൻ

കേരള നിയമസഭയുടെ ഒൻപതാമത്തെ സ്പീക്കറായിരുന്ന എ.പി. കുര്യൻ തൊഴിലാളി പ്രസ്ഥാനങ്ങളിലൂടെ ഉയർന്നുവന്ന കമ്മ്യൂണിസ്റ്റ് നേതാവായിരുന്നു. മികച്ച സാമാജികനായിരുന്ന അദ്ദേഹം അങ്കമാലി നിയോജകമണ്ഡലത്തെ നിയമസഭയിൽ നാലു തവണ പ്രതിനിധീകരിച്ചിട്ടുണ്ട്. കേരള നിയമസഭാ സ്പീക്കർ സ്ഥാനത്തെത്തുന്ന ആദ്യ സി.പി.ഐ.(എം) സാമാജികനാണ് എ.പി. കുര്യൻ.

എ.കെ. പൗലോസിന്റെയും മറിയാമ്മയുടെയും മകനായി 1930 ഒക്ടോബർ 6ന് അങ്കമാലിയിലെ തുറവൂർ പഞ്ചായത്തിൽ ജനിച്ചു. വിദ്യാഭ്യാസ കാലഘട്ടത്തിൽ സ്റ്റുഡന്റ്സ് ഫെഡറേഷന്റെ പ്രവർത്തനത്തിലൂടെയാണ് എ.പി. കുര്യൻ രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. തുറവൂർ സെന്റ് അഗസ്റ്റിൻസ് അപ്പർ പ്രൈമറി സ്കൂളിലും മാണിക്യമംഗലം എൻ.എസ്.എസ്. ഹൈസ്കൂളിലുമായാണ് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ഇന്റർമീഡിയറ്റിന് ആലുവ യു.സി. കോളേജിൽ ചേർന്നെങ്കിലും രാഷ്ട്രീയത്തിലുള്ള താൽപര്യം കാരണം പഠനം പൂർത്തിയാക്കാൻ സാധിച്ചില്ല. 1951 ൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായ എ.പി. കുര്യൻ 1964 ലെ പാർട്ടി വിഭജനത്തിനുശേഷം സി.പി.ഐ. (എം) ന്റെ ഭാഗമായി.

1967ൽ മുപ്പത്തിയേഴാമത്തെ വയസ്സിൽ അങ്കമാലി നിയോജക മണ്ഡലത്തിൽ നിന്ന് ആദ്യമായി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എ.പി. കുര്യൻ തുടർന്ന് 1970, 1977, 1980 എന്നീ വർഷങ്ങളിലും അങ്കമാലിയെ നിയമസഭയിൽ പ്രതിനിധീകരിച്ചു. മൂന്നു മുതൽ ആറു വരെ നിയമസഭകളിൽ അംഗമായിരുന്ന അദ്ദേഹം ആറാം കേരള നിയമസഭയുടെ സ്പീക്കറായിരുന്നു. 1980 ഫെബ്രുവരി 15 ന് നിയമസഭാ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട എ.പി. കുര്യൻ 1982 ഫെബ്രുവരി 1 വരെ പദവിയിൽ തുടർന്നു. സഭ നിയന്ത്രിക്കുന്നതിൽ അദ്ദേഹം മികവു തെളിയിച്ചു. എ.പി. കുര്യൻ സ്പീക്കറായിരുന്ന കാലത്ത് 1980 മാർച്ച് 17 നാണ് കേരള നിയമസഭയിൽ സബ്ജക്ട് കമ്മിറ്റി സംവിധാനം നിലവിൽ വന്നത്. 1972-73 കാലയളവിൽ നിയമസഭാ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായിരുന്നു.

പ്ലാന്റേഷൻ കോർപ്പറേഷൻ ഡയറക്ടർ, ബാംബൂ കോർപ്പറേഷൻ ഡയറക്ടർ, ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. വിവിധ കർഷക പ്രസ്ഥാനങ്ങളുടെയും ടെൽക്ക്, കാംകോ, തോഷിബ, ട്രാവൻകൂർ റയോൺസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട തൊഴിലാളി സംഘടനകളുടെയും അധ്യക്ഷനെന്ന നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്. കാർഷിക വ്യവസായിക മേഖലകളിലെ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ മികവു തെളിയിച്ച അദ്ദേഹം അവരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു. സി.പി.ഐ.(എം) എറണാകുളം ജില്ലാ സെക്രട്ടേറിയറ്റ് അംഗം, ദേശാഭിമാനിയുടെ തിരുവനന്തപുരം യൂണിറ്റ് മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മികച്ച പ്രാസംഗികനും എഴുത്തുകാരനുമായിരുന്നു. 1975 ജൂലായ്-സെപ്റ്റംബർ മാസങ്ങളിൽ അടിയന്തരാവസ്ഥയ്ക്കെതിരെ നിരോധനം ലംഘിച്ച് പ്രകടനം നടത്തിയതിന് ആഭ്യന്തര സുരക്ഷിതത്വ നിയമ (മിസ) പ്രകാരം പതിനാറു മാസം വിയ്യൂർ സെൻട്രൽ ജയിലിൽ കഴിയേണ്ടിവന്നിട്ടുണ്ട്.

2001 ആഗസ്റ്റ് 30ന് എഴുപതാം വയസ്സിൽ അന്തരിച്ച അദ്ദേഹത്തിന് 2001 ഒക്ടോബർ 12ന് നിയമസഭ ചരമോപചാരം അർപ്പിച്ചു. ഭാര്യ കുഞ്ഞമ്മ, മൂന്ന് മക്കൾ

# ഡോ. കെ.ജി. അടിയോടി : ആതുര രംഗത്തുനിന്ന് പൊതു ജീവിതത്തിലേക്ക്

സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ ചുമതല വഹിച്ചിട്ടുള്ള മന്ത്രിയായിരുന്നു പ്രമുഖ കോൺഗ്രസ് നേതാവായിരുന്ന ഡോ. കെ.ജി. അടിയോടി. നാല്, അഞ്ച് കേരള നിയമസഭകളിൽ അംഗമായിരുന്ന അദ്ദേഹം യഥാക്രമം പേരാമ്പ്ര, കല്പറ്റ മണ്ഡലങ്ങളെയാണ് നിയമസഭയിൽ പ്രതിനിധീകരിച്ചത്. മെഡിക്കൽ പ്രാക്ടീഷണറായി സേവനമനുഷ്ഠിക്കെയാണ് പൊതുജനസേവന രംഗത്തേക്കിറങ്ങി തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ ഭാഗമായത്.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ കാനോത്ത് ചന്തുകിടാവിന്റെയും മാധവി അമ്മയുടെയും മകനായി 1927 ജനുവരി 2 ന് ജനിച്ചു. മദ്രാസിലെ രാമകൃഷ്ണ മിഷൻ ഹൈസ്കൂളിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം മദ്രാസിലെ ഗവൺമെന്റ് കോളേജ് ഓഫ് ഇന്ത്യൻ മെഡിസിനിൽ (കിൽപോക്) നിന്ന് എൽ.ഐ.എം. പാസായി. 1951 ൽ പേരാമ്പ്രയിൽ ശങ്കർ നഴ്സിംഗ് ഹോം ആൻഡ് ക്ലിനിക് സ്ഥാപിച്ച് പ്രാക്ടീസ് ആരംഭിച്ചു. തുടർന്ന് രാഷ്ട്രീയത്തിൽ ആഭിമുഖ്യം പ്രകടിപ്പിച്ച അദ്ദേഹം, 1960 ന്റെ ആദ്യപാദത്തിൽ സജീവ രാഷ്ട്രീയത്തിലേക്കെത്തുകയും 1969 ൽ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ ട്രഷററായതോടെ കൂടുതൽ സജീവമായി പൊതുരംഗത്തെത്തുകയും ചെയ്തു. സി.കെ. ഗോവിന്ദൻ നായരുടെ ശിഷ്യനായാണ് രാഷ്ട്രീയത്തിലിറങ്ങിയത്.



1970ൽ കോൺഗ്രസ് (ആർ) പ്രതിനിധിയായി പേരാമ്പ്രയിൽ നിന്ന് ആദ്യമായി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഡോ. കെ.ജി. അടിയോടി 1977 ൽ ഐ.എൻ.സി. ടിക്കറ്റിൽ കല്പറ്റ നിയോജക മണ്ഡലത്തിൽ നിന്ന് വിജയിച്ചു. 1970 ലെ രണ്ടാം അച്യുതമേനോൻ മന്ത്രിസഭയിൽ 1971–72 ൽ ഭക്ഷ്യ വനം വകുപ്പു മന്ത്രിയായും 1972–75 ൽ ധനകാര്യ വകുപ്പുമന്ത്രിയായും 1975–77 ൽ വനം ജലസേചന വകുപ്പുമന്ത്രിയായും ചുമതല വഹിച്ചു. കല്ലട ജലസേചന പദ്ധതിയിൽ മണക്കാല യജ്ഞം എന്നപേരിൽ ആയിരക്കണക്കിനാളുകളുടെ അധ്വാനം സ്വരൂപിക്കുവാൻ ജലസേചന വകുപ്പുമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിനു സാധിച്ചു. വർഷംതോറും വർധിച്ചുവരാറുള്ള വിൽപന നികുതി കുടിശ്ശിക പിരിച്ചെടുക്കാനും നിയന്ത്രിക്കാനും അദ്ദേഹം നേതൃത്വം നൽകി. വനം മന്ത്രിയായിരുന്ന കാലത്ത്, വനം കൊള്ള തടയാൻ വാഹനങ്ങളും കൊള്ളമുതലും കണ്ടുകെട്ടണമെന്നും ഇവരെ നേരിടാൻ വനസംരക്ഷണ സേനയ്ക്ക് ആയുധങ്ങൾ നൽകണമെന്നും അദ്ദേഹം നിർദേശിക്കുകയുണ്ടായി.

1984 ൽ കോഴിക്കോട് ലോക്സഭാ മണ്ഡലത്തിൽ നിന്ന് വിജയിച്ച് പാർലമെന്റ് അംഗമായി. പാർലമെന്റിന്റെ ബോഫോഴ്സ് അന്വേഷണക്കമ്മിറ്റിയിലും പരിസ്ഥിതി-വനം ഉപദേശക സമിതിയിലും ധനകാര്യ വകുപ്പിന്റെ കൂടിയാലോചന സമിതിയിലും അംഗമായി പ്രവർത്തിച്ചിട്ടുണ്ട്.

കെ.പി.സി.സി. ആക്ടിംഗ് പ്രസിഡന്റ്, എ.ഐ.സി.സി. അംഗം എന്നീ പദവികൾ വഹിച്ചിട്ടുള്ള ഡോ. കെ.ജി. അടിയോടി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ (1984), കേരള സ്റ്റേറ്റ് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവയുടെ പ്രസിഡന്റ്, സയൻസ് ഡെവലപ്മെന്റ് പ്ലാനിംഗ് ആന്റ് ട്രാൻസ്ഫർ ഓഫ് ടെക്നോളജി സെന്റർ ഡയറക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

1987 ഒക്ടോബർ 22 ന് അറുപതാമത്തെ വയസ്സിൽ അന്തരിച്ച അദ്ദേഹത്തിന് 1987 നവംബർ 2 ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു.

ഭാര്യ : മാധവിക്കുട്ടിയമ്മ, 5 മക്കൾ.

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ



# 2017 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ (2018 ലെ 2 ാം ആക്റ്റ്)



**റ്റി. മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

കേരളത്തിൽ എഴുപത് ശതമാനത്തിലധികവും ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നത് സ്വകാര്യ മേഖലയിലെ ആശുപത്രികളും ഡിസ്പെൻസറികളും ലബോറട്ടറികളും ആണ്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ കാര്യക്ഷമമായി നിയന്ത്രിക്കുവാൻ സംസ്ഥാനത്ത് ഒരു നിയമവും നിലവിലില്ലായിരുന്നു. കേരളത്തിലെ സാഹചര്യം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു വിഭിന്നമായതിനാൽ സംസ്ഥാനത്തിന് മാത്രം ബാധകമായ ഒരു നിയമം ആവശ്യമാണെന്ന് സർക്കാർ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിലെ വിദഗ്ധരുമായി ആലോചന നടത്തിയതിനുശേഷം സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുയോജ്യമായ ഒരു ബിൽ കൊണ്ടുവരാൻ സർക്കാർ തീരുമാനിക്കുകയായിരുന്നു. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി, ക്ലിനിക്കൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും ഏറ്റവും കുറഞ്ഞ നിലവാരം നിശ്ചയിക്കേണ്ടതും അവയുടെ രജിസ്ട്രേഷനും, ഫലപ്രദമായ നിയന്ത്രണവും ആവശ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. അതുപോലെ ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള ഒരു സംവിധാനവും വിഭാവനം

ചെയ്യുകയുണ്ടായി. ഇത്തരം വ്യവസ്ഥകൾ ഉറപ്പാക്കുന്നതിലേക്കായി 2018 ൽ കേരള നിയമസഭ പാസാക്കിയ ഒരു ജനസൗഹൃദ നിയമമാണ് കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) നിയമം.

## സെലക്ട് കമ്മിറ്റിയുമായി വന്നു; സബ്ജക്ട് കമ്മിറ്റിക്ക് പോയി

2017 ആഗസ്റ്റ് 10ാം തീയതി അന്നത്തെ ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി കെ. കെ. ശൈലജ ടീച്ചറാണ് ഈ ബിൽ സഭയിൽ അവതരിപ്പിച്ചത്. അവതരണത്തെ തുടർന്ന് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും മന്ത്രി സഭയിൽ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ ബില്ലിനെ സംബന്ധിച്ച് സഭയിൽ നടന്ന പൊതു ചർച്ചയിൽ ബിൽ എത്രയും വേഗം പാസാക്കേണ്ടതാണെന്ന അഭിപ്രായം സംസാരിച്ച അംഗങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. തുടർന്ന് ഏറ്റവും വേഗത്തിൽ ബിൽ പാസാക്കാൻ കഴിയുന്ന രീതിയിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ആർ. രാജേഷിന്റെ ഭേദഗതി മന്ത്രി അംഗീകരിച്ചതിനെത്തുടർന്ന് ബിൽ ആരോഗ്യവും കുടുംബക്ഷേമവും എന്ന പന്ത്രണ്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2018 ഫെബ്രുവരി ഒന്നാം തീയതി സഭ വിശദമായി പരിഗണിക്കുകയും അംഗങ്ങൾ നിർദേശിച്ച നിരവധി ഭേദഗതികളോടെ പാസാക്കുകയും ചെയ്തു. സഭ പാസാക്കിയ ബില്ലിന് 2018 ഫെബ്രുവരി 21 ാം തീയതി ഗവർണ്ണറുടെ അംഗീകാരം ലഭിക്കുകയും ചെയ്തു.

## നിയമത്തിന്റെ കാതൽ

കേരളത്തിലെ ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടി 1957 മുതൽ തുടർച്ചയായി അധികാരത്തിൽ വന്നിട്ടുള്ള ജനകീയ സർക്കാരുകൾ ഒട്ടേറെ കാര്യങ്ങൾ ചെയ്തതിന്റെ ഭാഗമായി ഗുണപരമായ ഒട്ടേറെ നേട്ടങ്ങൾ കേരളത്തിനുണ്ടായിട്ടുണ്ട്. കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരവും ചില പ്രത്യേക സൂചകങ്ങളിൽ ആരോഗ്യരംഗത്ത് നാം മെച്ചപ്പെട്ടു നിൽക്കുന്നു എന്നത് അത്തരം നിയമനിർമാണങ്ങളുടെയും നാം നടത്തിയ ഇടപെടലുകളുടെയും സൂചനയാണ്. ശിശുമരണ നിരക്ക് കുറയുക, മാതൃ മരണനിരക്ക് കുറച്ചു നിർത്തുക, പ്രതീക്ഷിത ആയുസ്സ് വർധിക്കുക തുടങ്ങിയ ഒട്ടേറെ ഗുണപരമായ മാറ്റങ്ങളാണ് കേരളത്തിലുണ്ടായിട്ടുള്ളത്. അതെല്ലാം നാം അനുഭവിക്കുന്നതോടൊപ്പം കേരളത്തിന്റെ ആരോഗ്യമേഖലയിൽ പുതിയ വെല്ലുവിളികൾ നാം ധാരാളം നേരിടേണ്ടതായി വരുന്നുണ്ട്. നാം ഈ സമൂഹത്തിൽ നിന്നും അപ്രത്യക്ഷമാക്കി എന്ന് കരുതിയ ചില മാരകരോഗങ്ങൾ ഇപ്പോഴും സമൂഹത്തിലുണ്ട് എന്നത് നമ്മെ എപ്പോഴും ആശങ്കപ്പെടുത്തുന്ന വസ്തുതയാണ്. പകർച്ചവ്യാധികൾ വ്യാപിക്കുന്നു എന്നതും പകർച്ചവ്യാധികൾ ഉണ്ടാക്കുന്നു എന്നതും നമ്മെ ആശങ്കപ്പെടുത്തുന്ന വസ്തുതയാണ്. രോഗപ്രതിരോധത്തിനും പകർച്ചവ്യാധി നിയന്ത്രണത്തിനും നാം കൂടുതൽ ഊന്നൽ നൽകിയേ മതിയാവുകയുള്ളൂ. അതുപോലെ ജീവിതശൈലീ രോഗങ്ങൾ നമ്മെ വേട്ടയാടുകയാണ്. ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണവും നമുക്ക് വളരെ അത്യാവശ്യമാണ്. ആധുനിക കാലത്ത് പരിസ്ഥിതിയിലും മറ്റും ഉണ്ടാകുന്ന മാറ്റത്തിന്റെയൊക്കെ ഭാഗമായി ധാരാളം പുതിയ പ്രശ്നങ്ങളെ നമുക്ക് അഭിമുഖീകരിക്കേണ്ടതായി വരുന്നു. ഇതെല്ലാം നിയന്ത്രിക്കണമെങ്കിൽ കേരളത്തിൽ നിലനിൽക്കുന്ന ആതുരസേവന മേഖലകളെ പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്.

ഗവണ്മെന്റ് മേഖലയിൽ ഇത്രയേറെ പൊതുജനാരോഗ്യ ശൃംഖലയുള്ള ഒരു സംസ്ഥാനം വേറെ ഉണ്ടാകുമെന്ന് തോന്നുന്നില്ല. അത്രയേറെ വിപുലമായ സംവിധാനങ്ങൾ നമുക്കുണ്ടെങ്കിലും അതോടൊപ്പം ഒരുപാട് സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളും കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ചെറുതും വലുതുമായ ആരോഗ്യ സ്ഥാപനങ്ങളാണ് കേരളത്തിലെ ജനങ്ങളുടെ മാനസികവും ശാരീരികവും ആയിട്ടുള്ള ആരോഗ്യം മെച്ചപ്പെടുത്തേണ്ടതും സുസ്ഥിരമാക്കേണ്ടതും. ഇവരുടെ എല്ലാം കൂടി നിയന്ത്രണത്തിലും സഹായത്തിലുമാണ് കേരളത്തിലെ ജനങ്ങളുടെ ആരോഗ്യസ്ഥിതി ഉള്ളതെന്ന് നമുക്ക് കാണാൻ സാധിക്കും.

## അനഭിലഷണീയ പ്രവണതകളും ചൂഷണവും

അനഭിലഷണീയമായ ചില പ്രവണതകൾ ഈ മേഖലയിൽ കണ്ടുവരുന്നതായി പലപ്പോഴും പരാതി ഉണ്ടാകുന്നുണ്ട്. പ്രത്യേകിച്ച് സ്വകാര്യ ആതുരാലയങ്ങളിൽ. അതിൽ പലതും ആരോഗ്യ മേഖലയിലെ ധാർമ്മികതകൾക്ക് നിരക്കാത്ത രീതിയിലുള്ള ചില പ്രവർത്തനങ്ങൾ നടത്തുന്നതായും പരാതി വരാറുണ്ട്. ഈ മേഖലയിൽ കടുത്ത ചൂഷണം ചിലപ്പോൾ ജനങ്ങൾ അനുഭവിക്കേണ്ടതായി വരാറുണ്ട്. കേരളത്തിലെ ജനസംഖ്യയുടെ 69 ശതമാനത്തോളം പേർ സ്വകാര്യ മേഖലയെ ചികിത്സയ്ക്ക് ആശ്രയിച്ചു വരുന്നു. അതുവച്ചു നോക്കുമ്പോൾ സ്വകാര്യമേഖലയിലെ ആരോഗ്യസേവനം തൃപ്തികരമായി മാറിയില്ലെങ്കിൽ ജനങ്ങൾ അതിന്റെ ഫലം അനുഭവിക്കേണ്ടതായിട്ടു വരും. അത്തരം സ്ഥാപനങ്ങളുടെ മേൽ ഒരു സാമൂഹ്യ നിയന്ത്രണം കൊണ്ടുവരിക എന്നതാണ് ഈ നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശ്യം. അത്തരം സ്ഥാപനങ്ങളെ പരിശോധിക്കുന്നതിനോ, നിയന്ത്രിക്കുന്നതിനോ യാതൊരു സംവിധാനവും ഇല്ലാത്ത സാഹചര്യം നിലനിന്നിരുന്നു. അതുകൊണ്ടുതന്നെ സ്വകാര്യ സ്ഥാപനങ്ങളുടെ മേൽ ഒരു സാമൂഹ്യ നിയന്ത്രണം കൊണ്ടുവരിക എന്നതും ഗവണ്മെന്റ് സ്ഥാപനങ്ങളിൽ ആവശ്യ

മായ ഗുണനിലവാരം ഉറപ്പുവരുത്തുക എന്നുള്ളതും ഈ നിയമത്തിന്റെ ഭാഗമായി മാറി. അതാണ് പുതിയ നിയമത്തിലൂടെ സമൂഹത്തിന് ഉണ്ടാകുന്ന ഏറ്റവും പ്രധാനപ്പെട്ട നേട്ടം. ഈ നിയമത്തിന്റെ ഭാഗമായി കേരളം ആർജ്ജിക്കാൻ പോകുന്ന സുപ്രധാനനേട്ടം അശാസ്ത്രീയമായ ചികിത്സാരീതികളെ തീർത്തും നിയന്ത്രിച്ച് കേരളത്തിലെ ജനങ്ങളെ ആപത്തിൽ നിന്ന് മുക്തമാക്കാൻ സാധിക്കുമെന്നുള്ളതാണ്. ഇന്ന് പല മേഖലയിലും അശാസ്ത്രീയമായിട്ടുള്ള ഒട്ടേറെ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന് നിയന്ത്രണം ഏർപ്പെടുത്താൻ നമുക്കൊരു അവസരമുണ്ടാകുന്നു എന്നതാണ് ഈ നിയമത്തിന്റെ മറ്റൊരു പ്രത്യേകത. അത് ഏത് മേഖലയിലായാലും ചികിത്സയുടെ ഗുണനിലവാരം ഉറപ്പുവരുത്തുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ചികിത്സയ്ക്ക് ജനങ്ങളുടെ കൈയിൽനിന്നും കാശ് ഏറ്റവും കൂടുതൽ ചെലവാകുന്ന സംസ്ഥാനമാണ് കേരളം. സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യാ ഗവൺമെന്റ് ആരോഗ്യ പരിപാലന മേഖലയിൽ ചെലവഴിക്കുന്ന പണം വളരെ തുച്ഛമാണ്. ഇത് ജി.ഡി.പി.യുടെ രണ്ട് ശതമാനത്തിൽ താഴെയാണെന്നുള്ളത് ലജ്ജാകരമായ വസ്തുതയാണ്. ഇവിടെ സാധാരണക്കാർ ആശ്രയിക്കേണ്ടിവരുന്ന ആശുപത്രികൾ മിതമായ നിരക്കിൽ അവർക്ക് താങ്ങാവുന്ന തരത്തിൽ ചികിത്സ കൊടുക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്തിയിട്ടില്ലെങ്കിൽ കടുത്ത ചൂഷണത്തിന് അവർ വിധേയരാകും. പണച്ചെലവ് കൂടുന്നു എന്നു പറയുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്, സ്വകാര്യ ആശുപത്രികളിലും മറ്റും ചികിത്സാചെലവ് ഭീമമായ തോതിൽ വർധിച്ചതായാണ്. യാതൊരു ഐകരൂപ്യവും അതിനില്ല. ഒരു ആശുപത്രി ഈടാക്കുന്ന ചികിത്സാ ചെലവല്ല മറ്റൊരു ആശുപത്രി ഈടാക്കുന്നത്. യഥാർഥത്തിൽ ഈടാക്കേണ്ടിയിരുന്ന കാശിന്റെ എത്രയോ ഇരട്ടി ചിലയിടത്ത് ഈടാക്കുകയാണ്. ഈ വ്യത്യാസം അവസാനിപ്പിക്കാൻ ഈ നിയമം കൊണ്ട് ഒരു പരിധിവരെ സാധിക്കുമെന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത.

### നിയന്ത്രണങ്ങൾ വേറെയും

ചികിത്സാ ചെലവുകൾ പ്രസിദ്ധീകരിക്കുക, ആശുപത്രികളിൽ ലഭ്യമാകുന്ന സേവനങ്ങൾ ഏതൊക്കെയാണെന്ന് പ്രസിദ്ധീകരിക്കുക, അതിന്റെ പാക്കേജിന്റെ റേറ്റ് പ്രസിദ്ധീകരിക്കുക തുടങ്ങിയ കാര്യങ്ങൾ വരുമ്പോൾ സ്വാഭാവികമായും അതിൽ ഒരു നിയന്ത്രണമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതാണ് ഈ നിയമത്തിന്റെ കാതലായിട്ടുള്ള വശം. മരുന്നുകളുടെ ദുരുപയോഗം കാരണം Antimicrobial Resistance നെക്കുറിച്ച് ചർച്ച ചെയ്യുന്ന സമയമാണ്, അത്തരം കാര്യങ്ങൾക്കൊക്കെ നിയന്ത്രണം ഏർപ്പെടുത്താൻ സാധിക്കും. ചികിത്സാ പ്രോട്ടോക്കോളുകൾ പല ആശുപത്രികളും ലംഘിക്കുകയാണ്. അതിന്റെ ഫലം ഡെങ്കു ഫീവർ ഉണ്ടാകുന്ന സമയത്ത് കണ്ടിട്ടുണ്ട്. ഡെങ്കിപ്പനിയും മറ്റ് പകർച്ചവ്യാധികളും ഉണ്ടാകുമ്പോൾ യഥാർഥത്തിൽ പിന്തുടരേണ്ട പ്രോട്ടോക്കോൾ അല്ല പല സ്വകാര്യസ്ഥാപനങ്ങളിലും പിന്തുടരുന്നത്. അതിനാൽ രോഗം പെട്ടെന്ന് മൂർച്ഛിക്കുകയും ചികിത്സ ഫലപ്രദമല്ലാത്ത രീതി ഉണ്ടാകുകയും ചെയ്യുന്നു എന്നുള്ളതാണ് അപകടകരമായിട്ടുള്ള വസ്തുത. അത് അവസാനിപ്പിച്ചുകൊണ്ട് ചികിത്സാ പ്രോട്ടോക്കോളുകൾ പാലിക്കുന്നതിന് നമുക്ക് അവരെ നിർബന്ധിക്കുന്നതിന് സാധ്യമാകുന്നതാണ്.

കേരളത്തിന്റെ ആരോഗ്യ മേഖലയിൽ സാമൂഹ്യനിയന്ത്രണം വന്നേ തീരൂ എന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. അത്രമേൽ അപകടകരമാണ് നിയന്ത്രണമില്ലാത്ത അവസ്ഥ. ബില്ലിന്റെ പരിഗണനാവേളയിൽ സബ്ജക്ട് കമ്മിറ്റി മുമ്പാകെ 302 നിർദേശങ്ങളും പരാതികളും ലഭ്യമാകുകയുണ്ടായി. അവയെല്ലാം സമിതി വിശദമായി പരിശോധിച്ചു. ജനുവരി 3, 11 തീയതികളിൽ ബിൽ സബ്ജക്ട് കമ്മിറ്റിയിൽ ഖണ്ഡം ഖണ്ഡമായിട്ട് പരിശോധിക്കുകയും ഓരോ വകുപ്പിലും ഉണ്ടാകേണ്ട മാറ്റങ്ങളെക്കുറിച്ചും അതിന്റെ എല്ലാ അവസ്ഥകളെക്കുറിച്ചും ചർച്ചചെയ്യുകയും ചെയ്തു. എല്ലാവരും ഒരുമിച്ചുള്ള ഒരു കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി ജനങ്ങളുടെ പിന്തുണയോടു കൂടി ആരോഗ്യരംഗം മെച്ചപ്പെടുത്തുന്നതിനും നല്ല സേവനവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനും നല്ല സാങ്കേതിക സൗകര്യങ്ങൾ ആശുപത്രികളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കേരളത്തിലെ ജനങ്ങളുടെ മാനസികവും ശാരീരികവുമായിട്ടുള്ള ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റുകളെ/ക്ലിനിക്കൽ സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്യുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനായുള്ള ബിൽ 2018 ഫെബ്രുവരി ഒന്നാം തീയതി സഭ ഏകകണ്ഠമായി പാസാക്കുകയായിരുന്നു.

### എട്ടു വർഷത്തിനിടെ മൂന്നു ഭേദഗതികൾ

മൂലനിയമത്തിലെ 18 ാം വകുപ്പ് പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് താൽക്കാലിക രജിസ്ട്രേഷനുള്ള കാലപരിധി വർധിപ്പിക്കുന്നതിനും മറ്റനുബന്ധ കാര്യങ്ങൾക്കുമായി 2021 ലും 2022 ലും രണ്ട് ഭേദഗതികൾ സഭ പാസാക്കുകയുണ്ടായി. ചട്ടങ്ങൾ ഉണ്ടാക്കാൻ മൂലനിയമത്തിലൂടെ ലഭിച്ച അധികാരം വിനിയോഗിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടങ്ങൾ നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. അതിന്റെ ഭാഗമായി മൂലനിയമത്തിൽ ഏതാനും ഭേദഗതികൾ വരുത്തേണ്ടതാണെന്ന് സമിതി സർക്കാരിനോട് ശിപാർശ ചെയ്യുകയും ചെയ്തു. സമിതിയുടെ ശിപാർശ സർക്കാർ അംഗീകരിക്കുകയും ആയവ നടപ്പാക്കുന്നതിന്റെ ഭാഗമായും മറ്റനുബന്ധ കാര്യങ്ങൾ

കൂടി ഉൾപ്പെടുത്തുന്നതിനുമായി 2024ൽ മൂന്നാമതും മൂലനിയമം ഭേദഗതി ചെയ്യുകയുണ്ടായി.

### ഏകകണ്ഠമായി പാസായി... പക്ഷേ

ഈ നിയമം സഭ പാസാക്കിയത് ഐകകണ്ഠേന ആയിരുന്നെങ്കിലും ഏഴുവർഷം കഴിഞ്ഞിട്ടും അതിലെ സുപ്രധാനമായ പല വ്യവസ്ഥകളും സംസ്ഥാനത്ത് നടപ്പാക്കാൻ കഴിഞ്ഞില്ല എന്നത് ഒരു ദുര്യോഗമായി നിലനിൽക്കുന്നു. എല്ലാ ആരോഗ്യ സ്ഥാപനങ്ങളും രോഗികളുടെ ചികിത്സാ ചെലവ് പരസ്യപ്പെടുത്തണമെന്ന നിയമത്തിലെ വ്യവസ്ഥയെ സ്വകാര്യ ആശുപത്രികളുടെ സംഘടന സംഘടിതമായി എതിർക്കുന്ന ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. പ്രസ്തുത വ്യവസ്ഥ അസാധുവാക്കണമെന്നാവശ്യപ്പെട്ട് സ്വകാര്യ ആശുപത്രികളുടെ സംഘടനകൾ കേരള ഹൈക്കോടതിയെ സമീപിച്ചെങ്കിലും നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് രോഗികളുടെ അവകാശമാണെന്ന് ഹൈക്കോടതിക്ക് ബോധ്യപ്പെട്ടതിന്റെ ഭാഗമായി ഹർജി തള്ളുകയാണുണ്ടായത്. ഹൈക്കോടതിയുടെ പ്രസ്തുത ഉത്തരവിനെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്തിരിക്കുന്നതിനാലാണ് നിയമം പൂർണ്ണമായി നടപ്പാക്കാൻ നിലവിൽ കാലതാമസം നേരിടുന്നത്.

## വിജ്ഞാനപഥം

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പകരമായി കൊണ്ടുവരുന്ന പുതിയ പദ്ധതിയുടെ പേര് ?

   വികസിത് ഭാരത് ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) വിബി– ജി റാം ജി

2. യുണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ പുറത്തിറക്കിയ ആധാറിന്റെ ഔദ്യോഗിക ചിഹ്നം ?

   ഉദയ് (ഡിസൈൻ ചെയ്തത് മലയാളിയായ അരുൺ ഗോകുൽ)

3. പ്രധാനമന്ത്രിയുടെ പുതിയ ഓഫീസിന് നൽകിയിരിക്കുന്ന പേര്?

   സേവ തീർഥ്

4. 2026 ലെ ദേശീയ യുവജന ദിന (ജനുവരി 12) ത്തിന്റെ ഔദ്യോഗിക പ്രമേയം ?

   Ignite the self, Impact the World

5. യുവജനങ്ങൾക്ക് തൊഴിൽ പരിശീലനത്തിനായി ഒരു വർഷത്തേക്ക് മാസം 1000 രൂപ വീതം നൽകുന്ന സംസ്ഥാന സർക്കാരിന്റെ പദ്ധതി ?

   കണക്ട് ടു വർക്ക്












6. കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും ഇരുപത്തിയെട്ടാമത് കോൺഫറൻസ് നടന്നത് എവിടെ ?

   ന്യൂഡൽഹി (2026 ജനുവരി 14 – 16)

7. കേരളത്തിൽ ജനിച്ചുവളർന്നയാളാണെന്ന് തെളിയിക്കാനുള്ള ആധികാരിക രേഖയായി സംസ്ഥാന സർക്കാർ പുതുതായി നൽകുന്ന കാർഡ് ?

   നേറ്റിവിറ്റി കാർഡ്

8. രാജ്യങ്ങൾക്കിടയിൽ ചരിത്രം, സംസ്കാരം, സർഗാത്മകത, ടൂറിസം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് കേരളം ആരംഭിച്ച പദ്ധതി ?

   അന്താരാഷ്ട്ര സ്പൈസ് റൂട്ട്സ് ഹെറിറ്റേജ് നെറ്റ്‌വർക്ക്

9. സംസ്ഥാനത്തെ ഓറിയന്റൽ സ്കൂളുകളിലെ വിദ്യാർഥികൾക്ക് മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കുന്ന സംസ്ഥാന സർക്കാർ പദ്ധതി ?

   മലയാളശ്രീ

10. 2026 ലെ ദേശീയ വോട്ടേഴ്സ് ദിന (ജനുവരി 25)ത്തിന്റെ ഔദ്യോഗിക തീം ?

    Nothing Like Voting, I Vote for Sure

# പൗരത്വം, വോട്ടവകാശം, വോട്ടർപട്ടിക പരിഷ്കരണം



**ശ്യാം കെ. എസ്.**
അണ്ടർ സെക്രട്ടറി.

*‘സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങളിലുള്ളവരാണ് SIR- ലെ നിബന്ധനകൾ മൂലം വോട്ടവകാശത്തിൽ നിന്നും പുറത്താവുകയെന്നതാണ് ഈ മേഖലയിലെ വിദഗ്ധരുടെ പഠനങ്ങൾ കാണിക്കുന്നത്. ന്യൂനപക്ഷ സമുദായങ്ങൾ, പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾ, സ്ത്രീകൾ, ദരിദ്ര കുടുംബങ്ങൾ എന്നിവരാണ് ഇതിൽ ഭൂരിപക്ഷവും. പൗരത്വത്തെ മതാധിഷ്ഠിതമാക്കുന്ന പൗരത്വ ഭേദഗതി നിയമത്തെ പൊടിതട്ടിയെടുക്കാനുള്ള ശ്രമം നടത്തുന്നവർ SIR – നെ ഏതുവിധമാകും ഉപയോഗിക്കുകയെന്നതും ജനാധിപത്യം നേരിടുന്ന വെല്ലുവിളിയാണ്. മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽ നിന്നും പിന്തിരിഞ്ഞ് ഇലക്ഷൻ കമ്മിഷൻ സുതാര്യമായി വോട്ടർ പട്ടിക പുതുക്കൽ നടത്തണം എന്ന് ഈ നിയമസഭ ഐകകണ്ഠമായി ആവശ്യപ്പെടുന്നു.’* 2025 സെപ്റ്റംബർ 29ന് നിയമസഭ അംഗീകരിച്ച പ്രമേയത്തിൽ നിന്ന്.

രാഷ്ട്രം എന്ന സങ്കല്പത്തിന്റെ ആധാരശിലകളാണ് അതിർത്തിയും പൗരത്വവും എന്നിരിക്കിലും ‘ഇന്ത്യൻ പൗരത്വം’ എന്ന സംജ്ഞയ്ക്ക് സ്വാതന്ത്ര്യത്തിന് മുമ്പും അർഥതലങ്ങളുണ്ട്. എന്നാൽ സ്വാതന്ത്ര്യാനന്തരം ഇന്ത്യ റിപ്പബ്ലിക്കായി മാറുന്നതോടുകൂടിയാണ് പൗരത്വത്തിന് നിയമപരമായ പരിരക്ഷ ലഭിക്കുന്നത്. ഇന്ത്യാ വിഭജനം നടക്കുമ്പോൾ ഇന്ത്യയിൽ പൗരത്വം സ്വീകരിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളുണ്ടായിരുന്നു. 1946 ജൂലൈ മാസത്തിന് മുമ്പ് ഇന്ത്യയിൽ ആറു മാസം താമസിച്ചിരുന്നവരിൽ, അവരുടെ മാതാപിതാക്കളിൽ ഒരാൾ ഇന്ത്യയിലുണ്ടെങ്കിലും, 1935 മുതൽ അവിഭക്ത ഇന്ത്യയുടെ ഭാഗമായിരിക്കുകയും 1946 ജൂലൈക്ക് മുമ്പ് ഇന്ത്യയിലേക്ക് കുടിയേറിയവർക്കും ഇന്ത്യൻ പൗരത്വം ലഭ്യമാകുമെന്നതായിരുന്നു അന്നത്തെ മാനദണ്ഡം. ഇക്കാര്യങ്ങൾക്ക് നിയമ പരിരക്ഷ ലഭിക്കുന്നതിന് മുമ്പ് 1920 ലെ ഇന്ത്യൻ പാസ് പോർട്ട് ആക്റ്റും 1946 ലെ ഫോറിനേഴ്സ് ആക്റ്റും അടിസ്ഥാനപ്പെടുത്തിയായിരുന്നു ഇന്ത്യൻ പൗരത്വം കൈകാര്യം ചെയ്യപ്പെട്ടിരുന്നത്. എന്നാൽ ശൈശവദശയിലുള്ള രാഷ്ട്രമെന്ന നിലയിൽ കേവലമായി നിർദേശരൂപത്തിലുണ്ടായിരുന്ന ഈ മാനദണ്ഡങ്ങൾക്ക് ഒരു ഏകോപിത രൂപം വരുന്നത് 1955 ൽ പാർലമെന്റ് പൗരത്വ നിയമം പാസാക്കുന്നതോടെയാണ്. പിന്നീട് വന്ന ഭേദഗതി 1950 ജനുവരി 26 മുതൽ 1987 ജൂലൈ 1 വരെ ഇന്ത്യയിൽ ജനിച്ചിട്ടുള്ള എല്ലാപേർക്കും പൗരത്വം ലഭിക്കുമെന്നുള്ളതായിരുന്നു. സമാനമായി 1987 മുതൽ 2004 വരെ ഇന്ത്യയിൽ ജനിച്ചിട്ടുള്ള വ്യക്തികൾക്ക് അവരുടെ മാതാപിതാക്കൾ ഇന്ത്യയിൽ താമസിക്കുന്നവരാണെങ്കിൽ അവർക്ക് പൗരത്വത്തിന് അർഹതയുണ്ട്. അതിനുശേഷമാണ് 2019 ലെ Citizenship (Amendment) Act- ലൂടെ ഏതാനും അതിർത്തി രാജ്യങ്ങളിൽ മതപരമായ വിവേചനം നേരിടുന്ന വിഭാഗങ്ങൾക്ക് മാത്രം പൗരത്വം നൽകുമെന്ന വിവാദപരമായ നിയമ ഭേദഗതി കേന്ദ്ര സർക്കാർ കൊണ്ടുവന്നത്.

‘പൗരത്വം’ എന്ന വാക്കിനോട് പൂരകമായി നിൽക്കുന്ന പദമാണ് സാർവത്രിക വോട്ടവകാശം (Universal Adult Suffrage). സാർവത്രിക വോട്ടവകാശം എന്ന സങ്കല്പത്തിന് ഇന്ത്യൻ

സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ പ്രസക്തിയുണ്ടായിരുന്നു. ഭരണഘടനാ നിർമ്മാണത്തിനുള്ള പ്രാഥമിക ചർച്ചകൾക്കായി 1928 ൽ രൂപീകരിച്ച മോത്തിലാൽ നെഹ്റു കമ്മിറ്റി ഇന്ത്യൻ പൗരന്മാർക്കുള്ള വോട്ടവകാശത്തെകുറിച്ച് ആശയ സ്വരൂപണം നടത്തിയിരുന്നു. അതിന്റെ പ്രതിഫലനമെന്നോണം വോട്ടവകാശം സംബന്ധിച്ച ചർച്ചയുടെ ആദ്യ ഘട്ടത്തിൽ തന്നെ പാർലമെന്റിലെ അധോസഭയിലെയും (House of the People) സംസ്ഥാന നിയമസഭകളിലെയും അംഗങ്ങൾ ജനങ്ങൾ നേരിട്ട് തിരഞ്ഞെടുത്തവരാകണം എന്ന തീരുമാനത്തിലെത്തി. സ്ത്രീകൾക്കും വോട്ടവകാശം സാധിത പ്രായമാക്കണം എന്ന തീരുമാനം ജനാധിപത്യ മൂല്യങ്ങൾക്ക് ഉന്നത ഭാവം നൽകുന്നതായിരുന്നു. ശരാശരി ആയുർദൈർഘ്യം 40 വയസ്സു മാത്രമായിരുന്ന അക്കാലയളവിൽ വോട്ടവകാശത്തിനുള്ള പ്രായ പരിധിയായി നിശ്ചയിച്ചിരുന്നത് 21 വയസ്സായിരുന്നു. 61 ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് 1989 ൽ വോട്ടവകാശം 21 ൽ നിന്നും 18 ആയി ചുരുക്കിയത്. വോട്ടവകാശത്തെയും വോട്ടറായി രജിസ്റ്റർ ചെയ്യുന്നതിനെയും പ്രത്യേകമായി കാണേണ്ടതുണ്ട്. അതായത് വോട്ടറായി രജിസ്റ്റർ ചെയ്യപ്പെടാനുള്ള അവകാശം ഭരണഘടനയുടെ 326 ാം അനുച്ഛേദം നൽകുമ്പോൾ വോട്ടവകാശം 1951 ലെ ജനപ്രാതിനിധ്യ നിയമപ്രകാരമാണ് നൽകപ്പെടുന്നത്.

പൗരത്വം, വോട്ടവകാശം എന്നീ ആശയങ്ങൾ ചേർന്ന് ഭൗതിക രൂപമെടുക്കുന്നതാണ് വോട്ടർപട്ടിക (Electoral Roll). 1950 ലെ Representation of People's Act-ന്റെയും അതിന്റെ അടിസ്ഥാനത്തിൽ 1960 ൽ പുറപ്പെടുവിച്ച Registration of Electors Rules-ന്റെയും അടിസ്ഥാനത്തിലാണ് വോട്ടർപട്ടിക തയ്യാറാക്കുന്നത്. ഭരണഘടനയിലെ ആർട്ടിക്കിൾ 324 നൽകുന്ന അധികാരം ഉപയോഗിച്ച് ഇലക്ഷൻ കമ്മിഷനും വോട്ടർപട്ടിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരുന്നുണ്ട്. 1950ലെ ആക്റ്റിന്റെയും 1960ലെ റൂൾസിന്റെയും അടിസ്ഥാനത്തിൽ കരട് വോട്ടർപട്ടിക തയ്യാറാക്കുന്നതിന് ഭവനസന്ദർശനവും അർഹരായവരെ കണ്ടെത്തലും അനർഹരായവരെ ഒഴിവാക്കലും അതിന്മേൽ പൊതുജനങ്ങൾ അപ്പീൽ നൽകുന്നതിനുള്ള അവകാശവും അനിവാര്യ ഘടകങ്ങളാണ്. ചുരുക്കത്തിൽ പ്രായപൂർത്തിയായ ഓരോ ഇന്ത്യൻ പൗരനെയും വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിതാന്ത ശ്രദ്ധയാണ് കമ്മിഷൻ ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. സമ്മതിദാനാവകാശമുള്ള പൗരനായി വോട്ടർപട്ടികയിൽ ഉൾപ്പെടുന്നതിന് 18 വയസ്സു തികഞ്ഞ ഇന്ത്യൻ പൗരനാകണം എന്നതിനൊപ്പം അയാൾ ഒരു നിയോജക മണ്ഡലത്തിലെ സാധാരണ താമസക്കാരനും (Ordinary Resident) പാർലമെന്റ് കാലാകാലങ്ങളിൽ പാസാക്കുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ മറ്റുതരത്തിൽ അയോഗ്യത ഇല്ലാത്ത ആളുമായിരിക്കണം. സാധാരണ താമസക്കാരൻ എന്ന പദത്തിന് നിശ്ചിത കാലയളവ് നിർവചിക്കാത്തതിനാൽ Dr. Manmohan Singh v. Election Commission of India എന്ന കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സാധാരണയായി ഒരു മനുഷ്യൻ ഉറങ്ങുന്ന സ്ഥലം എന്ന നിർവചനമാണ് ഇലക്ഷൻ കമ്മിഷൻ നൽകിവരുന്നത്. Lakshmi Charan Sen v. A.K.M. Hasan Usman and Others എന്ന കേസിലെ സുപ്രീം കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ വോട്ടർ പട്ടിക പരിഷ്കരണം ഒരു തുടർപ്രക്രിയ ആയിരിക്കണമെന്നും ഏതെങ്കിലും പ്രത്യേക ഇലക്ഷന്റെ അടിസ്ഥാനത്തിലായിരിക്കരുതെന്നും മാർഗനിർദേശം നൽകിയിട്ടുമുണ്ട്.

വസ്തുതകൾ ഇങ്ങനെയായിരിക്കെ, സമീപ കാലത്ത് ഏറെ വാർത്താ പ്രധാന്യം നേടിയ ഒരു വിഷയമാണ് തീവ്ര വോട്ടർപട്ടിക പരിഷ്കരണം (Special Intensive Revision). വോട്ടർപട്ടിക പരിഷ്കരണം നിയമപ്രകാരം രണ്ടു വിധത്തിലാണുള്ളത് - Summary Revision, Intensive Revision എന്നിവയാണ് അവ. Summary Revision ൽ നിലവിലുള്ള വോട്ടർപട്ടിക അപ്രകാരം തന്നെ ഒരു പൊതു തിരഞ്ഞെടുപ്പിന് വേണ്ടി പ്രസിദ്ധീകരിക്കുകയും അതിന്മേൽ എതിർപ്പുകളും ആക്ഷേപങ്ങളും ക്ഷണിക്കുകയും പരിഷ്കരിക്കുകയും ചെയ്യുന്നു. എന്നാൽ Intensive Revision എന്നതിലൂടെ പുതിയ Electoral Roll തയ്യാറാക്കലും പ്രസിദ്ധീകരണവുമാണ് വിവക്ഷിക്കുന്നത്. പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയുള്ള Intensive Revision-നിലുള്ള നവീനമായ പരിഷ്കരണമാണ് ഇപ്പോൾ ഏറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന Special Intensive Revision. The Representation of People's Act- ലെ സെക്ഷൻ 21(3) പ്രകാരമാണ് Intensive Revision നിർവഹിക്കേണ്ടത്. Intensive Revisionനും Summary Revision നും കൂട്ടിച്ചേർത്തോ പ്രത്യേക പബ്ലിസിറ്റി പദ്ധതികളും പ്രചരണോപാധികളും ഉപയോഗിച്ചോ Special Intensive Revision നടത്താമെന്ന് ഇലക്ഷൻ കമ്മിഷൻ 2000 സെപ്റ്റംബർ മാസത്തിൽ പത്രക്കുറിപ്പിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. ബിഹാറിൽ പൂർത്തിയാക്കപ്പെടുകയും ഇപ്പോൾ കേരളത്തിൽ ഇലക്ഷൻ കമ്മിഷൻ നടത്തിവരുന്നതുമായ Special Intensive Revision മൂലം ഏറെപ്പേർ വോട്ടർപട്ടികയ്ക്ക് പുറത്താവുന്നതിനാൽ ഇക്കാര്യത്തിന് സജീവമായ മാധ്യമ ശ്രദ്ധ ലഭിക്കുന്നുണ്ട്. കുറ്റമറ്റ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുകയെന്നതാണ് Special Intensive Revision ന്റെ ഉദ്ദേശ്യലക്ഷ്യമെന്ന് ഇലക്ഷൻ കമ്മിഷൻ ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ടെങ്കിലും ദേശീയ തലത്തിൽ പ്രതിപക്ഷ കക്ഷികളിൽപെട്ട രാഷ്ട്രീയ പാർട്ടികളുടെ നിശിത വിമർശനത്തിനും തദ്വാരാ സുപ്രീം കോടതി വ്യവഹാരത്തിനും ഇപ്പോഴുള്ള തീവ്ര വോട്ടർപട്ടിക പരിഷ്കരണം ഹേതുവായിട്ടുണ്ട്.




**ഇന്ത്യൻ സംഗീതത്തിലെ പെൺപാതകൾ: വിഷാദത്തിന്റെയും ആത്മബോധത്തിന്റെയും ചരിത്രഗീതികൾ**

**ഡോ. എൻ. രേണുക & നദീം നൗഷാദ്**

സമത ബുക്സ്: തൃശ്ശൂർ, 2023.
NR2(Y15)wx 32R3

(ഇന്ത്യൻ ശാസ്ത്രീയ സംഗീതചരിത്രത്തിലെ 35 ഗായികമാരുടെ ജീവിതവും സംഗീതവും രേഖപ്പെടുത്തുന്ന ഗ്രന്ഥം)




**നാൽപത് പ്രണയ നിയമങ്ങൾ**
**(ആറാം പതിപ്പ് )**

**എലിഫ് ഷഫാക്**
വിവ. അജയ് പി. മങ്ങാട്ട്, ജലാലുദ്ദീൻ

അദർ ബുക്സ്: കോഴിക്കോട്, 2024.
O111,3SHA,F 32R4

(The Forty Rules of Love എന്ന നോവലിന്റെ മലയാള പരിഭാഷ. പതിമൂന്നാം നൂറ്റാണ്ടിലെ കെനിയയിലെ സാമൂഹിക ജീവിതത്തെ ഒരു സമകാലീന യൂറോപ്യൻ സൂഫിയുടെ വീക്ഷണകോണിലൂടെ ഈ നോവലിൽ അവതരിപ്പിക്കുന്നു)




**ബാബാ സാഹേബ് ഡോ. ബി. ആർ. അംബേദ്കർ: അനശ്വരതയിലെ നീലനക്ഷത്രം**

**എം. സുരേഷ് ബാബു**

സൈൻ ബുക്സ്: തിരുവനന്തപുരം, 2024.
V2y7AMB 32R4
(ഡോ. ബി. ആർ. അംബേദ്കറുടെ ജീവചരിത്രം)




**കടൽ ഗുഹകൾ**

**സി.വി. ബാലകൃഷ്ണൻ**

സൈൻ ബുക്സ്: തിരുവനന്തപുരം, 2023.

O32,3BAL,K R3
(നോവൽ)




**ഗാന്ധി എന്ന ഭൂപടം**

**സുനിൽ പി. ഇളയിടം**

സൈൻ ബുക്സ്: തിരുവനന്തപുരം, 2025.
zG 32R5

(ഗാന്ധിയുടെ ജീവിതം, ദർശനം, ഗാന്ധി കലയിൽ ചെലുത്തിയ സ്വാധീനം ഇവയെ പ്രതിപാദിക്കുന്ന പുസ്തകം)




**കമ്യൂണിസവും ധ്യാനവും**

**ഓഷോ**

വിവ. സി.പി. അബൂബക്കർ
സൈലൻസ് പബ്ലിക്കേഷൻസ്: കോഴിക്കോട്, 2024.
R6(W691) 32R4

(ആത്മീയ വിപ്ലവം കൊണ്ട് സോഷ്യലിസത്തിന് ഉണ്ടാകുന്ന മാറ്റങ്ങളെപ്പറ്റി വിശദീകരിക്കുന്നു)




**നിയമസഭയിലെ കെ.ഇ.: നിയമസഭാ പ്രസംഗങ്ങൾ**

**കെ.ഇ. ഇസ്മയിൽ**

പ്രഭാത് ബുക്ക് ഹൗസ്: തിരുവനന്തപുരം, 2024.
W,3.212xISM 32R4

(സി.പി.ഐ. നേതാവും 1996ലെ റവന്യൂ മന്ത്രിയുമായിരുന്ന കെ.ഇ. ഇസ്മയിലിന്റെ നിയമസഭാ പ്രസംഗങ്ങൾ)




**സഭാസംവാദം: പാലോട് രവിയുടെ നിയമസഭാ പ്രസംഗങ്ങൾ**

**പാലോട് രവി**

ശ്രേഷ്ഠ ബുക്സ്: തിരുവനന്തപുരം, 2024.
W,3.212xRAV 32R4

(പാലോട് രവിയുടെ നിയമസഭാ പ്രസംഗങ്ങൾ)




**To the Lighthouse**

**Virginia Woolf**

Romanson Printing: Thiruvananthapuram, 2023.
O111,3WOO,T R3
(Novel)




**TARGETED: BEIRUT ; THE 1983 MARINE BARRACKS BOMBING AND THE UNTOLD ORIGIN STORY OF THE WAR ON TERROR**

**Jack Carr and James M. Scott**

Simon & Schuster: UK, 2024 V4655:19(zM) R4

(This book deals with the 1983 US Marine barracks bombing in Beirut, Lebanon that took the lives of 241 servicemen)




**THE PUBLIC SECTOR AND PRIVATIZATION IN INDIA**

**Sheela Dubey**

Speaking Tiger Books: New Delhi, 2024.
X9S-W.2 R4

(This book deals with the evolution of India's public sector, its role in the economy and the subsequent push for privatization)




**CASTE IN KERALA**

**K.N. Panikkar ( Ed.)**

Primus Books: Delhi, 2023.
Y592.212 R3

(This book contains essays related to caste reform movements, history and origin of the caste system in Kerala and the role of caste in contemporary politics)

**ARIVORAM**
BIMONTHLY | **FEBRUARY 2026** | PRICE ₹ 50/-




# അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

Printed and Published by Dr. N. Krishna Kumar, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Niyamasabha Printing Press, Thiruvananthapuram and Published from Data Resource Development 'B' Section. Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram-695 033, Chief Editor- A. N. Shamseer.